# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# തഴക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**



# കേരള സംസ്ഥാന ഓഡിറ്റ വകുപ്പ
# ജില്ലാ ഓഡിറ്റ് കാര്യാലയം
# ആലപ്പുഴ-688001

**ഇ-മെയിൽ: ddhglfalpy@gmail.com**

**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി7/1273/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 05/12/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തഴക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തഴക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തഴക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി7/1273/2025 തീയ്യതി: 05/12/2025

# ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിത ദാസ് | ഡെപ്യൂട്ടിഡയറക്ടർ | 08-10-2025 | 17-10-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-10-2025 | 17-10-2025 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ദീപ കെ. ഗോപാൽ, ഓഡിറ്റ് ഓഫീസർ
ഫമിൻ എസ്.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രാജി എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
മനേഷ് കുമാർ ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷീബ സതീഷ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ഗോപകുമാർ എ. | സെക്രട്ടറി | 01-04-2024 | 05-09-2024 |
| നവാസ് എസ്. | സെക്രട്ടറി | 06-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുമ തോമസ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2024 | 13-09-2024 |
| ആശിഷ് ബാലകൃഷ്ണൻ | അസിസ്റ്റന്റ് എൻജിനീയർ | 14-09-2024 | 31-03-2025 |
| ശാന്തകുമാരി ജി. | അസി.സെക്രട്ടറി | 01-04-2024 | 31-03-2025 |
| അനഹ കൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. രേണു കെ. രാജ് | വെറ്ററിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ഡോ. വിദ്യ എൽ. | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | 01-04-2024 | 31-03-2025 |
| ഡോ. ശ്രീദേവി എൻ. നമ്പൂതിരി | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2024 | 31-03-2025 |
| ബിന്ദു സി.എസ്. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| അഭയ് എസ്.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ 1) | 01-04-2024 | 31-03-2025 |
| രതീഷ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ 2) | 01-04-2024 | 31-03-2025 |
| വിജയശ്രീ ജി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(സർക്കിൾ 3) | 01-04-2024 | 31-03-2025 |
| ഷൈനി പി. | എച്ച് . എം | 01-04-2024 | 31-03-2025 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | മുൻകൂറുകൾ ആസ്തിയായി മാറ്റപ്പെടുന്നില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമല്ല | 1-1-2 |
| 4 | CFC ഗ്രാന്റ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | റിക്കൺസിലേഷൻ കൃത്യമല്ല | 1-1-4 |
| 6 | വെള്ളക്കരം കുടിശ്ശിക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | വായ്പ - തെറ്റായ തുക ബാദ്ധ്യതയായി ഉൾപ്പെടുത്തി | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ കാലികമല്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം (വാർഷിക ധനകാര്യ പത്രിക പ്രകാരം) | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 17 | കേന്ദ്രീകൃത ശീതികരണ സംവിധാനമുള്ള കെട്ടിടങ്ങൾക്കു ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയില്ല | 1- 10 |
| 18 | ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സ്പോർട്സ് ടർഫിന് വസ്തു നികതി ചുമത്തുന്നില്ല | 1-11 |
| 19 | വൈറ്റ് ലേബൽ ATM കിയോസ്കുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല | 1-12 |
| 20 | അൺ- എയ്ഡഡ് സ്കൂളിനെ വസ്തുനികുതിയിൽ ഉൾപ്പെടുത്തി ഈടാക്കുന്നില്ല | 1-13 |
| 21 | വസ്തുനികുതി പരിഷ്ക്കരണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-14 |
| 22 | അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല | 1-15 |
| 23 | വാടക കുടിശ്ശിക ഭീമമായി വർദ്ധിക്കുന്നു | 1-16 |
| 24 | മുറിച്ച് മാറ്റിയ വൃക്ഷങ്ങൾ യഥാകാലം ലേലം ചെയ്തില്ല | 1- 17 |
| 25 | നാലു വർഷങ്ങളിൽ ലാപ്സായ റോഡ് മെയിന്റനൻസ് ഗ്രാന്റ് 4.85 കോടി - പരിഹാരമാർഗ്ഗങ്ങൾ തേടുന്നതിൽ ജാഗ്രതാരാഹിത്യം | 1- 18 |

| | | |
|---|---|---|
| 26 | കൂലിച്ചെലവ് സബ്സിഡി -അർഹമായതിലും അധികം തുക അനുവദിച്ചു | 1- 19 |
| 27 | വാട്ടർ അതോറിറ്റിയിലെ നിക്ഷേപം - 98.1 ലക്ഷം രൂപയുടെ പ്രവത്തികൾ പൂർത്തിയായില്ല | 1- 20 |
| 28 | എം.സി.എഫിലേയ്ക്ക് വാങ്ങിയ ബെയിലിംങ് മെഷീൻ, കൺവേയർ ബെൽറ്റ് എന്നിവ സ്ഥാപിച്ചില്ല | 1- 21 |
| 29 | പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഒടുക്കിയ തുക - ഡിമാന്റിൽ കുറവ് ചെയ്യില്ല | 1- 22 |
| 30 | അഗതിരഹിത കേരളം പദ്ധതി - തുക ചെലവഴിക്കാതെ അക്കൌണ്ടിൽ അവശേഷിക്കുന്നു | 1- 23 |
| 31 | വൃക്കരോഗികൾക്ക് ഡയാലിസിസ് കിറ്റ് വിതരണം - മാർഗ്ഗരേഖകൾക്ക് വിരുദ്ധമായ പ്രോജക്ട് നിർവ്വഹണം | 1-24 |
| 32 | കെ.എസ്.ഇ.ബി.യിൽ വിവിധ പ്രവർത്തികൾക്കായി നിക്ഷേപിച്ച തുക - പൂർത്തീകരണവിവരം ലഭ്യമല്ല | 1- 25 |
| 33 | അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1- 26 |
| 34 | ചെലവ് രേഖകൾ പൂർണ്ണമല്ല - തുക തടസ്സപ്പെടുത്തുന്നു | 1- 27 |
| 35 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ- ക്വട്ടേഷൻ/ടെൻഡർ നടപടികൾ സ്വീകരിക്കാതെ പ്രോജക്ട് നിർവ്വഹിച്ചു | 1-28 |
| 36 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയിട്ടില്ല | 1- 29 |
| 37 | ലൈഫ് ഭവനപദ്ധതി - മുൻകൂർ കൈപ്പറ്റിയവർ ഭവനനിർമ്മാണം ആരംഭിച്ചില്ല | 1- 30 |
| 38 | സുജലം പദ്ധതി- പണയിൽകുളം സൈഡ് ഭിത്തി മെയിന്റനൻസ് - കാലതാമസത്തിനുള്ള പിഴ ഈടാക്കിയില്ല | 1- 31 |
| 39 | മരാമത്ത് പ്രവർത്തികൾ- ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാതെ ഫൈൻ ഈടാക്കി ക്രമീകരിച്ച് വരുന്നു | 1- 32 |
| 40 | ഗ്രാമസഭകളുടെ പ്രവർത്തനം ശുഷ്കം, കർമ്മസമിതികളും കാര്യക്ഷമമല്ല | 1- 33 |
| 41 | ജലജീവൻ പദ്ധതി - തനത് വിഹിതം -വിനിയോഗം -സംബന്ധിച്ച് | 1- 34 |
| 42 | ഹെൽത്ത് ഗ്രാന്റ് വിനിയോഗ വിവരങ്ങൾ - അവലോകനം | 1-35 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കൂലിച്ചെലവ് സബ്സിഡി -അർഹമായതിലും അധികം തുക അനുവദിച്ചു | 3-1 |
| **ഭാഗം 4** | | |

| | | |
|---|---|---|
| 1 | മെഡിസെപ് - വിവരശേഖരണം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 മുൻകൂറുകൾ ആസ്തിയായി മാറ്റപ്പെടുന്നില്ല

മുൻകൂർ രജിസ്റ്ററിൽ ക്രമീകരിക്കപ്പെട്ടതായി രേഖപ്പെടുത്തിയിരിക്കുന്ന മുൻകൂറുകൾ ബാലൻസ്ഷീറ്റിൽ മുൻകൂർ ശീർഷകത്തിൽ തന്നെ തുടരുന്നു. ഭൂജല വകുപ്പിന് നൽകിയ 1,00,000 രൂപയുടെ മുൻകൂർ 17.12.2024 ൽ ക്രമീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും 31.3.25 ലെ ബാലൻസ് ഷീറ്റിൽ മുൻകൂർ എന്ന നിലയിൽ തുടരുന്നു. ഇത് മൂലം യഥാർത്ഥ ആസ്തിമൂല്യത്തിൽ വ്യതിയാനമുണ്ടാകുന്നെന്ന് മാത്രമല്ല ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കുന്നതിലും വ്യതിയാനമുണ്ടാക്കുന്നു. ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്ക് നൽകിയ മുൻകൂറുകളിൽ 12.12.24-ൽ ക്രമീകരിക്കപ്പെട്ട 30,798 രൂപയും വാർഷിക ധനകാര്യ പത്രികയിൽ മുൻകൂറായി തുടരുകയാണ്. ഐ.ആർ.റ്റി.സിക്ക് 14.44 ലക്ഷം രൂപ മുൻകൂർ നൽകിയതായി ബാലൻസ് ഷീറ്റിലുണ്ട്. എന്നാൽ സമാന രേഖപ്പെടുത്തൽ രജിസ്റ്ററിൽ ഇല്ല. കെ.എസ്.ഇ.ബി.യിലെ ആകെ നിക്ഷേപമായ 51.31 ലക്ഷം രൂപയിൽ 20.91 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടും ബാലൻസ് ഷീറ്റിൽ മുൻകൂർ ശീർഷകത്തിൽ തന്നെ തുടരുന്നു.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2025-ലെ 5(1) നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 03.07.2025 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **തഴക്കര ഗ്രാമ പഞ്ചായത്തിന്റെ** മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന

തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി **തഴക്കര ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള** വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-2 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമല്ല

വിവിധ ഡെപ്പോസിറ്റുകളുടെ രജിസ്റ്ററിലെ രേഖപ്പെടുത്തൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. തിരികെ നൽകുന്ന ഡിപ്പോസിറ്റുകൾ യഥാകാലം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/9.10.25) 2017-18 മുതലുള്ള രജിസ്റ്ററിൽ ഇനവിവരം രേഖപ്പെടുത്തിയിരുന്നില്ലെന്നും അപാകം പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നുവെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി.

### 1-1-3 CFC ഗ്രാന്റ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, ബേസിക്ക് എന്നിവയുടെ വരവ്, നീക്കിയിരുപ്പ് എന്നിവ എ.സി.ആറിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-4 റിക്കൺസിലേഷൻ കൃത്യമല്ല

കേരള ബാങ്ക് മാങ്കാംകുഴി ശാഖയിലെ 125812803000018 നമ്പർ അക്കൌണ്ടിന്റെ 31.3.2025-ലെ റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്കിൽ സമർപ്പിച്ച മൂന്ന് മാസത്തിലധികമായ ചെക്കുകൾ പലതും പണമാകാതെ ശേഷിക്കുന്നതായി കാണുന്നു. എന്ന് മാത്രമല്ല പല തുകക്കുള്ള പല തീയതികളിലെ ചെക്കുകളുടെ നമ്പർ സമാനമായാണ് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ ചേർത്തിരിക്കുന്നത്. റിക്കൺസിലേഷൻ രേഖകളിൽ കൃത്യതയില്ലാത്തതിനാൽ ബാങ്ക് നീക്കിയിരുപ്പിന്റെ ആധികാരികത പരിശോധിക്കാനാകുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/09.10.2025) ലഭ്യമാക്കിയ മറുപടിയിൽ 1,622 രൂപയുടെ ചെക്കുകൾ രേഖപ്പെടുത്തിയതിൽ ഇരട്ടിപ്പ് സംഭവിച്ചിട്ടുണ്ടെന്നും അത് ഐ.കെ.എം വഴി പരിഹരിക്കുന്നതാണെന്നും വ്യക്തമാക്കി.

## <u>1-1-5 വെള്ളക്കരം കുടിശ്ശിക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല</u>

പഞ്ചായത്തിന്റെ പൊതുടാപ്പുകളുടെ വാട്ടർചാർജ്ജ് കുടിശ്ശിക 12.37 കോടി രൂപ 31.3.25-ലെ ബാലൻസ് ഷീറ്റിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തപ്പെട്ടിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രിക ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ ബാദ്ധ്യതയെ പ്രതിനിധാനം ചെയ്യുന്നില്ല.

## <u>1-1-6 വായ്പ - തെറ്റായ തുക ബാദ്ധ്യതയായി ഉൾപ്പെടുത്തി</u>

31.3.25 ലെ ബാലൻസ് ഷീറ്റിൽ 12,196 രൂപ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നുള്ള വായ്പ നീക്കിയിരുപ്പ് ബാദ്ധ്യതയായി നിലനിൽക്കുന്നു. റസിപ്റ്റ് & പേയ്മന്റ് പത്രിക (ഷെഡ്യൂൾ RP 49) പ്രകാരം തത്തുല്യ തുകയുടെ വായ്പ വരവും കാണിച്ചിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ അത്തരത്തിൽ ഒരു വായ്പ നിലവിലില്ല. ഇ.എം.എസ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട അക്കൌണ്ടിൽ വരവ് വന്ന പലിശ തെറ്റായി ലോൺ എന്ന ബാദ്ധ്യതയായി അക്കൌണ്ട് ചെയ്യപ്പെട്ടതാണ്. ഇതുമൂലം ആകെ ബാദ്ധ്യത അയഥാർത്ഥമായി ഉയർന്നിരിക്കാനിടയായി.

## <u>1-1-7 ആസ്തി രജിസ്റ്റർ കാലികമല്ല</u>

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തപ്പെട്ടിട്ടില്ല. കാലികമാക്കാത്തതിനാൽ ഇതിന്റെ അടിസ്ഥാനത്തിൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യത്തിന്റെ കൃത്യത ഉറപ്പുവരുത്താനാകുന്നില്ല.

## <u>1-2 ബജറ്റ്</u>

2024-25 വർഷത്തെ ബജറ്റ് 12.02.2024-ലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. തുടർന്ന് പുതുക്കിയ ബജറ്റ് 10.01.2025 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിലുള്ള താരതമ്യവിവരണം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| പരിഷ്കരിച്ച ബജറ്റ് പ്രകാരം | 427109140 | 417502483 |
| | | |

| | | |
|---|---|---|
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം) | 247354992 | 279124527 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,76,37,616 |
| വരവ് | 9,42,34,638 |
| ആകെ | 11,18,72,254 |
| ചെലവ് | 9,53,26,860 |
| നീക്കിയിരിപ്പ് | 1,65,45,394 |

## 1-4 ഫണ്ട് വിനിയോഗം (വാർഷിക ധനകാര്യ പത്രിക പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | | - | 2,49,47,000 | 2,49,47,000 | 2,49,47,000 | 00 |
| വികസനഫണ്ട് (എസ്.സി.പി) | | | 1,45,63,000 | 1,45,63,000 | 1,45,63,000 | 00 |
| സംരക്ഷണഗ്രാന്റ് (റോഡ്) | | | 3,99,96,000 | 3,99,96,000 | 1,89,99,523 | 2,09,96,477 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | | | 70,07,000 | 70,07,000 | 42,24,321 | 27,82,679 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് * | ടൈഡ് | 22,54,932 | 95,34,000 | 1,17,88,932 | 72,71,658 | 45,17,274 |
| | അൺ ടൈഡ് | 9,62,688 | 42,03,454 ഗ്രാന്റ് 154563 പലിശ | 53,20,705 | 46,89,537 | 6,31,168 |

(* ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുന്നിരുപ്പ്, ചെലവ്, നീക്കിയിരുപ്പ് എന്നിവ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല. )

## 1-5 പദ്ധതി അവലോകനം

2024-25 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 287 | 28,64,10,948 | 155 | 11,72,05,663 | 27 | 105 | 54.01% |

## 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം(രൂപയിൽ) | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 24,018 | 6,33,381 | 6,57,399 | 5,73,168 | 84,231 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | - | 1,87,92,618 | 1,87,92,618 | 1,87,92,618 | - |
| ആകെ | 24,018 | 1,94,25,999 | 1,94,50,017 | 1,93,65,786 | 84,231 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 62,24,000 | 406 |
| വിധവാപെൻഷൻ | 2,19,54,900 | 1398 |
| വാർദ്ധക്യകാലപെൻഷൻ | 5,78,03,800 | 3718 |
| വികലാംഗപെൻഷൻ | 65,63,100 | 432 |
| അവിവാഹിതപെൻഷൻ | 10,80,600 | 72 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.2025 തീയതിയിൽ 03:30 PM സമയത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 9,433/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

**രജിസ്റ്ററുകൾ**

ഡെപ്പോസിറ്റ്, മുൻകൂർ രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും അവ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ലെന്ന് മാത്രമല്ല ഗണിതപരമായ കൃത്യത പുലർത്തുന്നുമില്ല. ഡെപ്പോസിറ്റുകൾ തിരികെ നൽകുമ്പോൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് ഇരട്ടിപ്പിന് ഇടനൽകാവുന്നതാകയാൽ സെക്രട്ടറി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടുന്നതിലും കാലതാമസം നിലനിൽക്കുന്നു. രജിസ്റ്റർ പ്രകാരം ഇത്തരത്തിലുള്ള (31.3.25 ന് മുൻപ് മൂന്ന് വർഷം പൂർത്തിയായ) 1.35 ലക്ഷം രൂപയുടെ ഡെപ്പോസിറ്റ് മുതൽക്കൂട്ടാതെ ശേഷിക്കുന്നുണ്ട്.

അഡ്വാൻസ് രജിസ്റ്ററിലും ക്രമീകരിക്കുന്ന മുൻകൂറുകളുടെ വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ല. നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകുന്ന മുൻകൂറുകൾ മൂന്ന് മാസങ്ങൾക്ക് ശേഷവും ക്രമീകരിക്കപ്പെടാതെ തുടരുന്നു. ഐ.ആർ.റ്റി.സിക്ക് നൽകിയ 14.44 ലക്ഷം രൂപയുടെ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഡപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി നടത്തപ്പെടുന്നു എന്നുറപ്പാക്കാൻ സംവിധാനമില്ല.

വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെ കൃത്യമായ വിവരങ്ങളടങ്ങുന്ന വാർഡ് തലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. ഇത് ലൈസൻസ് ഏർപ്പെടുത്തൽ, തൊഴിൽ നികുതി പിരിവ് എന്നിവയുടെ മോണിറ്ററിംഗ് കൃത്യതയെ ബാധിക്കുന്നു.

**ഫയൽ സൂക്ഷിപ്പ്**

പഞ്ചായത്തിൽ തനത് ഫണ്ട് വിനിയോഗിച്ച് നിർവ്വഹിക്കുന്ന പെറ്റി വർക്കുകളുടെ ഫയൽ ഒരു വർക്കിന് ഒരു ഫയൽ എന്ന നിലയിൽ സൂക്ഷിക്കുന്നില്ല. നിലവിൽ ഒരു വർക്കിന് തന്നെ പല ഫയലുകൾ സൂക്ഷിക്കപ്പെടുന്നു. ഓരോ സാധനങ്ങൾ വാങ്ങുന്നതിനും ഓരോ ഫയലും കൂലി ചെലവിന് വേറേ ഫയലും സൂക്ഷിക്കുന്നു. അതിനാൽ തന്നെ ഒരു പ്രവൃത്തിയുടെ ആകെ ചെലവിന്റെ കൃത്യത പരിശോധിക്കാനാകുന്നില്ല. കൂടാതെ എസ്റ്റിമേറ്റ്, ടെന്ററർ ഇല്ലാതെ നടത്തപ്പെടുന്ന പ്രസ്തുത വർക്കുകൾ അവയ്ക്ക് സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിരിക്കുന്ന പരമാവധിതുകയിൽ അധികമാകാനും ഇടയാകും. ഉദാഹരണമായി ഫയൽ നമ്പർ 24/4980 ൽ 15,555 രൂപയുടെ പൈപ്പുകൾ വാങ്ങിയതിന്റെ രേഖകളാണ് ഉള്ളത്. റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കാനായി വാങ്ങിയതാണിതെന്ന് ഫയലിൽ കാണുന്നു. ഇതിനായുള്ള മറ്റ് ചെലവ് വിവരങ്ങൾ ഈ ഫയലിലില്ല.

**വർക്കിംഗ് ഗ്രൂപ്പുകളുടേയും ഗ്രാമസഭകളുടേയും പ്രവർത്തനം**

പഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിന് കർമ്മസമിതികൾ ക്രിയാത്മക പങ്ക് വഹിക്കുന്നെങ്കിലും തുടർന്നുള്ള പ്രവർത്തനം വിലയിരുത്തപ്പെടുന്നില്ല. പദ്ധതി മോണിറ്ററിംഗിൽ കർമ്മസമിതികൾ യാതൊരു പങ്കും വഹിക്കുന്നില്ല. ഗ്രാമസഭാ പ്രവർത്തനം വിവിധ പദ്ധതികൾക്കുള്ള വ്യക്തിഗത ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ ഒതുങ്ങിപ്പോകുന്നു. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ക്രിയാത്മക ചർച്ചകൾ ഗ്രാമസഭയിൽ ഉണ്ടാകുന്നില്ല.

**ഓഡിറ്റ് റിപ്പോർട്ടുകളിൻമേലുള്ള അനന്തര നടപടികൾ**

ഓഡിറ്റ് റിപ്പോർട്ടുകൾക്ക് യഥാകാലം റക്ടിഫിക്കേൻ റിപ്പോർട്ട് (പ്രഥമ മറുപടി) നൽകപ്പെടുന്നുണ്ട്. എന്നാൽ തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളിൽ തുടർ നടപടികൾ ശുഷ്കമാണ്. 1997-98 ഓഡിറ്റ് റിപ്പോർട്ടിലേയും 2000–01 മുതൽ 2023-24 വരെയുള്ള റിപ്പോർട്ടുകളിലേയും വിവിധ പരാമർശങ്ങൾ തീർപ്പാകാതെ അവശേഷിക്കുന്നു.

## 1- 10 കേന്ദ്രീകൃത ശീതികരണ സംവിധാനമുള്ള കെട്ടിടങ്ങൾക്കു ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയില്ല

കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 8 പ്രകാരം കേന്ദ്രീകൃത ശീതീകരണ സംവിധാനം ഉള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10% വർദ്ധനവ് വരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിടം കേന്ദ്രീകൃത ശീതീകരണ സംവിധാനത്തോട് കൂടിയാണ് പ്രവർത്തിക്കുന്നത്. എന്നാൽ കേന്ദ്രീകൃത ശീതികരണ സംവിധാനത്തിന് ബാധകമാക്കേണ്ട അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവ് ബാധകമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര്/ കെട്ടിടം ഉപയോഗിക്കുന്ന ആളുടെ പേര് | വാർഡ്, കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിടത്തിന്റെ വിസ്തീർണ്ണം | അടിസ്ഥാന നികുതി | ശീതികരണ സംവിധാനത്തിന് ചുമത്തേണ്ട നികുതി(10%) |
|---|---|---|---|---|---|
| ജോൺസൺ ബേബി ഗലീല വെട്ടിയാർ. | X/161A | റിലയൻസ് മാൾ | 738.32 | 90 | 6644.88 |

ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറവിസ്തൃതിയിലോ ഉപയോഗക്രമത്തിലോ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകൾക്കും വർദ്ധനവുകൾക്കും ബാധകമാക്കേണ്ട ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ ഏതൊരു മാറ്റവും മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്.(കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും ചട്ടങ്ങളിലെ ചട്ടം-17(1)). കെട്ടിട ഉടമ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കാതിരിക്കുന്ന സംഗതിയിലും വാസ്തവവിരുദ്ധമോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ റിട്ടേൺ സമർപ്പിക്കുന്ന സംഗതിയിലും ചട്ടം 12(6) പ്രകാരം സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സ്ഥലസന്ദർശനം നടത്തി കെട്ടിടത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് ചട്ടങ്ങൾ പ്രകാരം മേൽ സ്ഥാപനത്തിൽ വസ്തുനികുതി നിർണ്ണയം നടത്തേണ്ടതാണ്. ഇതു സംബന്ധിച്ച് 15.10.2025-ൽ നൽകിയ ഓഡിറ്റ് എൻക്വയറി 17/25 നൽകിയതിന് മറുപടിയായി സ്പിളിറ്റ്

ഏ.സി.ആണ് ഉപയോഗിക്കുന്നത് എന്നതാണ് ലഭ്യമാക്കിയത്. ആയത് സംബന്ധിച്ച് സാങ്കേതിക വിഭാഗത്തെക്കൊണ്ട് പരിശോധിപ്പിച്ച് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

കേന്ദ്രീകൃത ശീതീകരണ സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുള്ള ദേശസാൽകൃത ബാങ്കുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിടങ്ങളിൽ ബാധകമാക്കേണ്ട നികുതി വർദ്ധനവ് ചുമത്തിയിട്ടില്ലായെങ്കിൽ ആയതും കൂടി പരിശോധിച്ച് വസ്തു നികുതി നിർണ്ണയം നടത്തി വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-11 ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സ്പോർട്സ് ടർഫിന് വസ്തു നികതി ചുമത്തുന്നില്ല

ഗ്രാമപഞ്ചായത്തിലെ തഴക്കര 3ാംവാർഡിൽ പ്രവർത്തിച്ചുവരുന്ന ഓണാട്ടുകര സ്പോർട്സ് അക്കാഡമിയെ വസ്തുനികുതി അസ്സസ്സ് ചെയ്തിരിക്കുന്നതിൽ അപാകതയുണ്ടെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ഫുട്ബോൾ ടർഫ് ഗ്രൗണ്ട്, നീന്തൽക്കുളം എന്നിവ സജ്ജീകരിച്ചാണ് പ്രസ്തുത സ്ഥാപനം പ്രവർത്തിച്ചുവരുന്നത്.

സിന്തറ്റിക് ടർഫ് പോലെയുള്ള നിർമ്മിതികൾക്ക് നികുതി നിശ്ചയിക്കപ്പെട്ടില്ലാത്ത കാലഘട്ടത്തിലായിരുന്ന മേൽ സ്ഥാപനം രൂപം കൊണ്ടത്. എന്നാൽ നിലവിൽ സ്പോർട്സ് ടർഫുകൾക്ക് വസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. (സ.ഉ.(അച്ചടി)നം.25/2023/LSGD/5-4-2023 കാണുക). സഞ്ചയ പ്രകാരം ഈ ഗ്രാമപഞ്ചായത്തിലെ സ്പോർട്ട്സ് ടർഫുകൾക്ക് നിലവിൽ ചുമത്തിയിട്ടുള്ള നികുതി നിരക്ക് 25 രൂപയാണ്. ഓണാട്ടുകര സ്പോർട്സ് അക്കാഡമിയെ 2020-21 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം., കെട്ടിട നം. | വിസ്തീർണ്ണം(സ്ക്വ.മീ.) | നിരക്ക് | നിർമ്മാണത്തിന്റെ തരം | ഉപയോഗക്രമം |
|---|---|---|---|---|
| 3, 140 A | 334.56 | 8 | നീന്തൽ കുളം | വിദ്യാഭ്യാസം |
| 3, 140 | 54.3 | 8 | ഓഫീസ് കെട്ടിടം | വിദ്യാഭ്യാസം |

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് 13.10.2023 തീയതിയിൽ ഓഡിറ്റ് അന്വേഷണം നം.08/2025 നൽകിയിരുന്നു. കെട്ടിടത്തെ 2020-21 ഒന്നാം അർദ്ധവാർഷികത്തിൽ വസ്തു നികുതി നിർണ്ണയിച്ച് നികുതി നൽകിയിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്.

വസ്തുനികുതി യഥാവിധി നിർണ്ണയം നടത്താതെ തെറ്റായ ഉപയോഗക്രമത്തിന് അനുസൃതമായി നികുതി ഈടാക്കി വരുന്ന സാഹചര്യത്തിൽ ടി സ്ഥാപനത്തിൽ സ്ഥല പരിശോധന നടത്തി ടർഫിന്റെ വിസ്തീർണ്ണം, നീന്തൽ കുളത്തിന്റെ വിസ്തൃതി, ടർഫിനോട് അനുബന്ധിച്ച് ഓഫീസ് കെട്ടിടങ്ങളോ മറ്റ് അനുബന്ധ കെട്ടിടങ്ങളോ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ തറവിസ്തീർണ്ണം, കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല,

കാലപ്പഴക്കം, റോഡിന്റെ തരം ഇവ ഗ്രാമപഞ്ചായത്ത് മരാമത്ത് വിഭാഗം മുഖേന (LID &EW) അന്വേഷണം നടത്തി കൃത്യമായ തരത്തിൽ നികുതി പുനർ നിർണ്ണയിച്ച് വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 വൈറ്റ് ലേബൽ ATM കിയോസ്കുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

റിസർവ്വ് ബാങ്കിന്റെ നിയമപ്രകാരം നോൺ ബാങ്കിംഗ് ധനകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ATM കളാണ് വൈറ്റ് ലേബൽ ATM. ഗ്രാമ പഞ്ചായത്തിലെ മാങ്കാംങ്കുഴി, കൊച്ചാലുംമൂട് സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഇൻഡ്യ വൺ കമ്പനിയുടെ രണ്ട് വൈറ്റ് ലേബൽ ATM സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കിയോസ്കിന്റെ വിസ്തൃതി മരാമത്ത് വിഭാഗത്തെക്കൊണ്ട് അളന്ന് തിട്ടപ്പെടുത്തി നൽകണമെന്ന് 13.10.2025 തീയതിയിൽ ഓഡിറ്റ് അന്വേഷണം നം.04/2025 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും അധികൃതർ അളന്ന് തിട്ടപ്പെടുത്തി വിശദാംശം ലഭ്യമാക്കിയില്ല. എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ അളന്ന് തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമെന്നറിയിച്ചിട്ടുണ്ട്. പ്രസ്തുത എ.ടി.എം ന് വസ്തുനികുതി ചുമത്തിയിട്ടില്ലാത്തതിനാൽ കെട്ടിട ഉടമക്ക് നോട്ടീസ് നൽകി നിർമ്മാണത്തെ ക്രമവൽക്കരിച്ച് വസ്തുനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. മേൽപ്പറഞ്ഞവ കൂടാതെ മറ്റെവിടെയെങ്കിലും വൈറ്റ് ലേബൽ ATM കിയോസ്കുകൾ ഉണ്ടെങ്കിൽ ആയതിന്റെ ഉപയോഗയുക്തമാക്കുന്ന വിസ്തൃതി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ അളന്ന് തിട്ടപ്പെടുത്തി നികുതി നിർണ്ണയിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

## 1-13 അൺ- എയ്ഡഡ് സ്കൂളിനെ വസ്തുനികുതിയിൽ ഉൾപ്പെടുത്തി ഈടാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബി എ വകുപ്പ് പ്രകാരം ഹയർ സെക്കണ്ടറി തലംവരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവന്നിരുന്ന വസ്തുനികുതിയിളവ് 01.04.2023 പ്രാബല്യത്തിൽ ഒഴിവാക്കിയിരുന്നു. സർക്കാരിന്റെ 28.03.2023 തിയ്യതിയിലെ നമ്പർ 15 (2) ലെഗ് എ 2/2023/ നിയമം ഉത്തരവ് (2023 ലെ 18-ാം ആക്ട്) 2023 ലെ കേരള ധനകാര്യ (2-ാം നമ്പർ ആക്ട്) എന്നിവ പ്രകാരം വസ്തു നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെ ചേർത്തിട്ടുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നു നാളിതുവരെയായും മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം തറ വിസ്തൃതിക്കനുസൃതമായി നികുതി ഈടാക്കിയതായി കാണുന്നില്ല.(ഓഡിറ്റ് എൻക്വയറി 05/25 തീയതി: 13.10.2025)

| ക്രമ നം. | സ്കൂളിന്റെ പേര് | കെട്ടിട നം. | വിസ്തൃതി (ച.മീ) |
|---|---|---|---|
| 1 | സെന്റ്മേരീസ് കത്തീഡ്രൽ സ്കൂൾ, മാവേലിക്കര | ലഭ്യമല്ല | ലഭ്യമല്ല |
| | | | |

| | | | |
|---|---|---|---|
| 2 | വിശ്വവിദ്യാലയ സെൻട്രൽ സ്കൂൾ, കൊച്ചാലുംമൂട് | ലഭ്യമല്ല | ലഭ്യമല്ല |

പ്രസ്തുത സ്കൂളുകളെ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കിയതായി കാണുന്നില്ല. ഇതിനെ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്കും ഗ്രാമപഞ്ചായത്ത് അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി പ്രസ്തുത സ്കൂളിന് നികുതി ഈടാക്കുന്നതിനുള്ള നോട്ടീസ് നൽകി മേൽ ചൂണ്ടിക്കാട്ടിയ സർക്കാർ ഉത്തരവിലെ പ്രാബല്യ തീയതി മുതലുള്ള വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി പരിഷ്ക്കരണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന എല്ലാ കെട്ടിടങ്ങളുടെയും വിസ്തൃതി ഉൾപ്പെടെയുള്ള ശരിയായ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് 22.03.2023 ലെ സഉ(കൈ) നം.77/2023 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. (മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 6 മുതൽ 24 വരെയുള്ളവ കാണുക.)

കെട്ടിടം പണിയുകയോ കെട്ടിടം പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണോ നേരത്തെ സംഭവിക്കുന്നത് ആ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസ് നൽകേണ്ടതുണ്ട്. മേൽപറഞ്ഞ വിവരങ്ങൾ നാളിതുവരെ അറിയിക്കാതിരുന്ന കെട്ടിട ഉടമകൾക്ക് 2023 മെയ് 15-നകം വിവരങ്ങൾ അറിയിക്കുന്ന പക്ഷം ചട്ടങ്ങൾ പ്രകാരമുള്ള പിഴകളിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഉടമ അറിയിച്ചാലും ഇല്ലെങ്കിലും ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ ഡേറ്റാബേസിൽ ഉൾപ്പെടുത്തി 30.06.2023 നകം നികുതി പുനർനിർണ്ണയിക്കേണ്ടതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/25/22.9.25)ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു.

ആകെയുള്ള 21 വാർഡുകളിൽ 7 വാർഡുകളിൽ സർവ്വെ പൂർണ്ണമായും നടത്തിയിട്ടുണ്ടെന്നും ഫീൽഡ് തലത്തിൽ 4 ഉദ്യോഗസ്ഥരെ ഇതിനായി നിയോഗിച്ചിരുന്നുവെന്നും അറിയിച്ചു. പരിശോധന പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തുന്നതിനുള്ള ടൂൾ ലഭ്യമായിട്ടില്ലാത്തതിനാൽ ആയത് പൂർത്തിയാക്കിയിട്ടില്ലായെന്നും അധികൃതർ വ്യക്തമാക്കി.

സർവ്വെ പൂർത്തീകരിക്കുന്നതിനും നികുതി ഡേറ്റാബേസ് അപ്ഡേറ്റ് ചെയ്യുന്നതിനും അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതാണ്. ഇതിനായി ഐ.കെ.എം സജ്ജമാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

വാർഷിക വാടകമൂല്യം അടിസ്ഥാനപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിരുന്ന പഴയ കെട്ടിടങ്ങളുടെ 2013-ൽ ആരംഭിച്ച വസ്തുനികുതി പരിഷ്കരണപ്രക്രിയ പൂർത്തീകരിക്കപ്പെട്ടോയെന്ന് നിലവിലും ഒരു എക്സ്റ്റേണൽ ഏജൻസിയോ ഓഡിറ്റ് വകുപ്പോ പരിശോധിച്ചുറപ്പാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണത്തിന്

പഞ്ചായത്ത് ജീവനക്കാർക്കൊപ്പം കരാറടിസ്ഥാനത്തിൽ ജോലി ചെയ്യവരും ഉൾപ്പെട്ടിരുന്നു. ഡേറ്റാ എൻട്രിയിലേയും നികുതി പരിഷ്കരണത്തിലെയും നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല എന്നിവ ഓരോ നികുതി നിർണ്ണയത്തിനും ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതി നഷ്ടപ്പെടുത്തുന്ന സാഹചര്യമുണ്ടാക്കും. ഡേറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് പ്രത്യേക പരിശോധനയിലൂടെ മാത്രമെ പരിശോധിച്ചുറപ്പാക്കാനാകൂ.

വസ്തുനികുതി നിർണ്ണയത്തിന് ശേഷമുള്ള പരിശോധനകൾ (പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ്) നടത്തുന്നില്ല. കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം രണ്ട് നിലവരെയുള്ള താമസ കെട്ടിടങ്ങളും 50 ച.മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും മതപരമായ കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പരിശോധനകളൊന്നും തന്നെ നടത്തപ്പെടുന്നതായോ അനധികൃത നിർമ്മാണങ്ങളെയും വസ്തുനികുതി നിർണ്ണയത്തിന് ശേഷം സ്വയമോ അല്ലാതെയോ സംഭവിക്കുന്നതും വസ്തുനികുതി വർദ്ധനവിന് കാരണമായേക്കാവുന്നതുമായ അധിക സൌകര്യങ്ങളെ തിരിച്ചറിയാതെ പോകുന്നതിനിടയാക്കുന്നുണ്ട്. ഫീൽഡ്തല പരിശോധന നടത്തി വസ്തുനികുതി നിർണ്ണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ നടത്താൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-15 അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല</u>

27.06.2024 തീയതിയിലെ സ.ഉ.(സാധാ)നാം.1149/2024/Lsgd നമ്പർ ഉത്തരവ് പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധവർഷം മുതൽ പരിഷ്കരിച്ച സ്ലാബിനനുസൃതമായി തൊഴിൽ നികുതി പുതുക്കിയ നിരക്കിലാണ് ഈടാക്കേണ്ടത്. എന്നാൽ പഞ്ചായത്തിന്റെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ രണ്ടാം അർദ്ധവർഷം പുതുക്കിയ നിരക്കിന് അനുസൃതമായി തൊഴിൽ നികുതി ഈടാക്കാത്ത ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **ജീവനക്കാരന്റെ പേര്** | **സ്ഥാപനം** | **അർദ്ധവാർഷിക വരുമാനം** | **ഈടാക്കേണ്ട നികുതി** | **ഈടാക്കിയ നികുതി** | **രസീത് നം. / തീയതി** | ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|---|---|
| സജിത പ്രസന്നൻ | സപ്ലൈക്കോ ലാഭം | 28800 | 450 | 320 | 1240103330 01.02.25 | 130 |

| | | | | | | |
|---|---|---|---|---|---|---|
| | മാർക്കറ്റ്, കല്ലുമല. | | | | | |
| അജി ജോൺ | സപ്ലൈക്കോ ലാഭം മാർക്കറ്റ്, കല്ലുമല. | 28800 | 450 | 320 | 1240103330 01.02.25 | 130 |
| ഷാജി.എം.ടി | സപ്ലൈക്കോ ലാഭം മാർക്കറ്റ്, കല്ലുമല. | 28800 | 450 | 320 | 1240103330 01.02.25 | 130 |
| | | | | ആകെ | | 390 |

ഈടാക്കുന്നതിൽ കുറവ് വന്ന 390 രൂപ ഈടാക്കി ഒടുക്കുവരുത്തി ഓഡിറ്റിനെ അറിയിക്കുന്നതിന് 15.10.2025 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി 16/25 ന് ടിയാളുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 വാടക കുടിശ്ശിക ഭീമമായി വർദ്ധിക്കുന്നു

ഗ്രാമപഞ്ചായത്തിന്റ വാടക രജിസ്റ്റർ പരിശോധനയിൽ കുടിശ്ശികയിനത്തിൽ ഭീമമായ സംഖ്യ തൻവർഷവും ഈടാക്കാൻ അവശേഷിക്കുന്നതായി കണ്ടെത്തുകയുണ്ടായി. കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, വിലാസം | കെട്ടിട നമ്പർ | സാമ്പത്തിക വർഷം | അടിസ്ഥാന വാടക | കുടിശ്ശിക |
|---|---|---|---|---|---|
| 1 | വിശ്വനാഥൻ സ്വാമിപുരത്ത്, ഇറവങ്കര | മാങ്കാംകുഴി പബ്ലിക് മാർക്കറ്റ് റൂം നമ്പർ-3 | 2024-25 | 3143 | 18858 |
| 2 | വിശ്വനാഥൻ സ്വാമിപുരത്ത്, ഇറവങ്കര | മാങ്കാംകുഴി പബ്ലിക് മാർക്കറ്റ് റൂം നമ്പർ-5ന്റെ ഇറക്ക്ഭാഗം | 2024-25 | 788 | 4728 |

| | | | | | |
|---|---|---|---|---|---|
| 3 | ഭാഗ്യനാഥൻ സ്വാമിപുരത്ത്, ഇറവങ്കര | മാങ്കാംകുഴി പബ്ലിക് മാർക്കറ്റ് റൂം നമ്പർ-6 | 2024-25 | 1887 | 22644 |
| 4 | മോഹനൻ പട്ടാണിപറമ്പിൽ, മാങ്കാംകുഴി | മാങ്കാംകുഴി പബ്ലിക് മാർക്കറ്റ് റൂം നമ്പർ-7 | 2024-25 | 1086 | 13032 |
| 5 | രാജ് മോഹൻ നെടുംപുറത്തയ്യത്ത് അജിത് ഭവനം, വെട്ടിയാർ | മാങ്കാംകുഴി പബ്ലിക് മാർക്കറ്റ് റൂം നമ്പർ-11 | 2024-25 | 938 | 11256 |
| 6 | ജമീല സാന്ദ്രൻ കീച്ചേരയ്യത്ത്, കല്ലിമേൽ | മാങ്കാംകുഴി പബ്ലിക് മാർക്കറ്റ് റൂം നമ്പർ-03 | 2024-25 | 5198 | 62376 |

മാങ്കാംകുഴിയിൽ പ്രവർത്തിക്കുന്ന മാർക്കറ്റിലെ റൂം നമ്പർ-4, 2024-25 സാമ്പത്തിക വർഷം വാടകയ്ക്ക് നൽകിയിട്ടില്ല എന്ന് ഭൗതികപരിശോധനയിൽ കണ്ടെത്തി. വാർഷിക ധനകാര്യ പത്രികയിൽ വാടക ഇനത്തിൽ കുടിശ്ശികയായി തൻവർഷം 26,937 രൂപ ലഭിച്ചിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാടക രജിസ്റ്ററിൽ പ്രസ്തുത വരവ് രേഖപ്പെടുത്തിയിട്ടില്ല. മേൽപ്പറഞ്ഞവയ്ക്ക് കാരണം വ്യക്തമാക്കുന്നതിന് 14.10.2025 തീയതിയിൽ ഓഡിറ്റ് എൻക്വയറി 10/25 നൽകിയതിന് മറുപടി ലഭ്യമാക്കിയെങ്കിലും ഉന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടി ഉൾപ്പെടുത്തിയിരുന്നില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക കുടിശ്ശിക 28,22,069 രൂപ മുൻവർഷങ്ങളിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ഇത് കൂടാതെ തൻവർഷ കുടിശ്ശിക 5,90,080 നിലനിൽക്കുന്നു. ആകെ വാടക കുടിശ്ശികയായി 34,12,149 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു എന്നാണ് കാണുന്നത്. എന്നാൽ രജിസ്റ്റർ പരിശോധനയിൽ തൻവർഷ കുടിശ്ശികയായി 1,32,894 രൂപ മാത്രമേ അടിസ്ഥാനവാടക കണക്കാക്കപ്പെട്ടിട്ടുള്ളു. ധനകാര്യ പത്രികയും രജിസ്റ്ററും തമ്മിൽ വാടക കണക്കുകളിൽ പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരമുള്ള മേൽപ്പറഞ്ഞ കുടിശ്ശിക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് റവന്യൂ റിക്കവറികൾ ഉൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. റിക്കവറി നടപടികളിൽ വീഴ്ച വരുത്താതെ കൃത്യമായി തുടരുകയും ലഭിക്കാനുള്ള കുടിശ്ശിക ഈടാക്കുന്നതിനൊപ്പം വാർഷിക

കണക്കുകൾ കൂടി ക്രമീകരിച്ച് പൊരുത്തപ്പെടുത്തുകയും മേൽ പ്രവൃത്തികളുടെ പുരോഗതിയുടെ വിശദാംശം ഓഡിറ്റിന് അടിയന്തിരമായി ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 1- 17 മുറിച്ച് മാറ്റിയ വൃക്ഷങ്ങൾ യഥാകാലം ലേലം ചെയ്തില്ല

തഴക്കര ഗ്രാമപഞ്ചായത്തിലെ ഗവ. ന്യൂ എൽ.പി.എസ് കന്നിമേൽ, കുന്നം ഗവ. എൽ.പി.എസ്, വെട്ടിയാർ ഗവ. മുഹമ്മദൻസ് എൽ.പി.എസ് എന്നിവിടങ്ങളിലെ വൃക്ഷങ്ങൾ, വൃക്ഷ ഭാഗങ്ങൾ എന്നിവ മുറിച്ച് മാറ്റാൻ 22.5.2024 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും (നം.5(2b)) പ്രസ്തുത പ്രവൃത്തി കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.ജയപാലൻ (ശ്യാമളാലയം, അറുനൂറ്റിമംഗലം പി.ഒ) മുഖേന നടപ്പാക്കുകയും 16,000 രൂപ അദ്ദേഹത്തിന് നൽകുകയും ചെയ്തു. വെറ്റിനറി ഡിസ്പെൻസറിയുടെ പരിസരത്തെ വൃക്ഷങ്ങൾ മുറിച്ചതിന് 12,000 രൂപ കൃഷ്ണകുമാർ എന്ന വ്യക്തിക്കും നൽകിയിട്ടുണ്ട്. എന്നാൽ മുറിച്ച് മാറ്റിയ മരങ്ങൾ പതിനെട്ട് മാസങ്ങൾക്ക് ശേഷവും ലേലം ചെയ്ത് വിൽക്കാൻ പഞ്ചായത്ത് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ഇതിന്റെ കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (നം.21/18.10.25). മുറിച്ച് മാറ്റിയ വൃക്ഷങ്ങൾ, വൃക്ഷ ഭാഗങ്ങൾ എന്നിവയുടെ മൂല്യം നിർണ്ണയിച്ചിട്ടുമില്ല. മുറിച്ച് മാറ്റിയ വൃക്ഷങ്ങൾ യഥാകാലം ലേലം ചെയ്യാതിരുന്നത് അതിന്റെ മൂല്യശോഷണത്തിന് ഇടയാക്കും. വൃക്ഷങ്ങളും വൃക്ഷ ഭാഗങ്ങളും എത്രയും വേഗം മൂല്യനിർണ്ണയം നടത്തി ലേലം ചെയ്യേണ്ടതാണ്. യഥാകാലം ലേലം ചെയ്യാതിരുന്നത് വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്ന പക്ഷം അത് ഇക്കാലയളവിൽ ചുമതല വഹിച്ചിരുന്ന സെക്രട്ടറിമാരുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

**അനുബന്ധ വിവരങ്ങൾ**

1) ബിൽ നം. – 194/28.05.24 – 16,000 രൂപ
വൌച്ചർ നം – 22400199, ഫയൽ നം. 24/4050
ചെക്ക് നം. 001789/ 30.5.24
2) ബിൽ നം. 971, 972/19.12.24 – 12,000 രൂപ (6000 + 6000)
വൌച്ചർ നം. 22400980, 981 .
ഫയൽ നം. 24/8022, 24/7988
ചെക്ക് നം. 002397/19.12.24

## 1- 18 നാലു വർഷങ്ങളിൽ ലാപ്സായ റോഡ് മെയിന്റനൻസ് ഗ്രാന്റ് 4.85 കോടി - പരിഹാരമാർഗ്ഗങ്ങൾ തേടുന്നതിൽ ജാഗ്രതാരാഹിത്യം

തഴക്കര ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞ നാല് വർഷങ്ങളിലായി 887.63 ലക്ഷം രൂപ റോഡ് സംരക്ഷണ ഗ്രാന്റ് ലഭിച്ചപ്പോൾ 402.8 ലക്ഷം മാത്രമാണ് വിനിയോഗിക്കാനായത്. 484.83 ലക്ഷം രൂപയുടെ ഗ്രാന്റ് ഉപയോഗിക്കാതിരുന്നതിനെ തുടർന്ന് ലാപ്സായി. 2020-21 കാലയളവിൽ 5.1 ശതമാനം റോഡ് സംരക്ഷണ ഗ്രാന്റ് ലാപ്സായ സ്ഥാനത്ത് 2023- 24 ആയപ്പോൾ അത് 71 ശതമാനമായി ഉയർന്നു. 2024-25 ൽ 52.41 ശതമാനം നഷ്ടമായി. തൻവർഷം മാത്രം 209.96 ലക്ഷം രൂപയാണ് ഈയിനത്തിൽ ലാപ്സായത്. വികസന ഫണ്ട് പൂർണ്ണമായും

വിനിയോഗിച്ച സ്ഥാനത്താണ് സംരക്ഷണ ഗ്രാന്റിൽ നിന്ന് ഇത്രവലിയ തുക നഷ്ടമായത്.
2021-22 മുതൽ 2024-25 വരെയുള്ള റോഡ് സംരക്ഷണ ഗ്രാന്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അലോട്ട്മെന്റ് (ലക്ഷം രൂപ) | വിനിയോഗം (ലക്ഷം രൂപ) | ലാപ്സായത് (ലക്ഷം രൂപ) | ലാപ്സായതിന്റെ ശതമാനം |
|---|---|---|---|---|
| 2021-22 | 208.25 | 90.40 | 117.85 | 56.59 |
| 2022-23 | 96.99 | 69.90 | 27.09 | 27.93 |
| 2023-24 | 182.43 | 52.50 | 129.93 | 71.00 |
| 2024-25 | 399.96 | 190.00 | 209.96 | 52.41 |
| ആകെ | 887.63 | 402.8 | 484.83 | 54.62 |

റോഡ് സംരക്ഷണ ഗ്രാന്റ് പൂർണ്ണമായും അസിസ്റ്റന്റ് എൻജിനീയറാണ് വിനിയോഗം നടത്തുന്നത്. ഇത്രയേറെ തുക ലാപ്സായിട്ടും ഇക്കാര്യത്തിൽ സെക്രട്ടറിയോ ഭരണസമിതിയോ കാര്യമായ വിശകലനം നടത്തിയതായി കാണുന്നില്ല. 25.26 ച. കി.മി. വിസ്തീർണ്ണമുള്ളതും രണ്ട് റവന്യൂ വില്ലേജുകൾ ഉൾക്കൊള്ളുന്നതും 21 വാർഡുകൾ ഉള്ളതുമായ പഞ്ചായത്തിൽ ഗ്രാമീണ റോഡുകളുടെ നിർമ്മാണവും പരിപാലനവും കണക്ടിവിറ്റി ഉറപ്പാക്കാനനിവാര്യമാണെന്നിരിക്കെ മെയിന്റനൻസ് ഗ്രാന്റിന്റെ ലാപ്സാകൽ റോഡുകളുടെ സ്ഥിതി ശോചനീയമാകാനിടയാക്കും.
ഇതിന്റെ കാരണമാരാഞ്ഞ് സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർ എന്നിവർക്ക് ഓഡിറ്റ് അന്വേഷണം നൽകി (13/14.10.25). ഇതിന് അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ ഫണ്ട് ലഭിച്ചതിൽ വന്ന് കാലതാമസവും ചെറിയ തുകയ്ക്കുള്ള (പത്ത് ലക്ഷത്തിൽ താഴെ) വർക്കുകൾ ഏറ്റെടുക്കുന്നതിൽ കരാറുകാരുടെ വിമുഖതയുമാണ് പ്രോജക്ട് നടപ്പാക്കുന്നതിന് വിഘാതമായത് എന്ന് വ്യക്തമാക്കുന്നു. 2024-25 ൽ നടപ്പാക്കാതെ പോയ എട്ട് പ്രോജക്ടുകളുടെ ശരാശരി ആറുലക്ഷത്തിൽ താഴെയാണെന്നും അതിൽ രേഖപ്പെടുത്തിയിരിക്കുന്നു.
കരാറുകാരും ജനപ്രതിനിധികളുമടക്കമുള്ളവരുമായി സംവദിച്ചതിൽ കുറഞ്ഞ അടങ്കൽ ഉള്ള പ്രവൃത്തികളിൽ പ്രവൃത്തിക്കാവശ്യമായതും മിനിസ്ട്രി ഓഫ് റൂറൽ ഡവലപ്മെന്റ്(MORD) സപെസിഫിക്കേഷൻ നിഷ്കർഷിക്കുന്നതുമായ ലേയിംഗ് മെഷീൻ അടക്കമുള്ള ആധുനിക ഉപകരണങ്ങളുടെ വാടക പ്രാദേശിക കരാറുകാർക്ക് താങ്ങാവുന്നതല്ല എന്നതാണ് ഇത്തരം പ്രവൃത്തികളിൽ നിന്ന് കരാറുകാരെ അകറ്റുന്നത് എന്ന് ബോദ്ധ്യമായി.

**<u>നിവാരണ മാർഗ്ഗങ്ങൾ</u>**

1) വലിയ മൂലധന നിക്ഷേപം സാദ്ധ്യമായ കരാറുകാരെ ആകർഷിക്കും വിധം രണ്ടോ അതിലധികമോ റോഡുകളുടെ മെയിന്റനൻസ് സംയോജിപ്പിച്ച് ഉയർന്ന തുക അടങ്കലുള്ള പ്രോജക്ടുകൾ തയ്യാറാക്കി ഇ.ടെന്റർ ചെയ്യുക

2) നീളക്കൂടുതലുള്ള റോഡുകളുടെ മെയിന്റനൻസിന് വാർഡ് തലത്തിലുള്ള ഫണ്ടിന്റെ വിതരണം

തടസ്സമാകുന്നില്ല എന്ന് ഉറപ്പുവരുത്തുക.
3) നിലവിലുള്ള ടാർ റോഡുകളുടെ മെയിന്റനൻസിനും മെറ്റൽ റോഡുകളെ ടാർ റോഡുകളായി ഉയർത്തുന്നതിനും പുതിയ റോഡുകളുടെ നിർമ്മാണത്തിനും അഞ്ച് വർഷത്തേക്കോ അഥവ പഞ്ചായത്തിന് യുക്തമെന്ന് തോന്നുന്ന മറ്റൊരു കാലയളവിലേക്കോ മാസ്റ്റർപ്ലാൻ തയ്യാറാക്കി അത് പ്രകാരം ജോലികൾ പൂർത്തിയാക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും അത് കാലികമായി നിരീക്ഷിച്ച് പുരോഗതി ഉറപ്പുവരുത്തുകയും ചെയ്യുക.
4) വെള്ളക്കെട്ട് മൂലം റോഡ് തകരുന്ന പ്രദേശങ്ങളിൽ ഇന്റർലോക്ക് ടൈലിംഗ് അടക്കമുള്ള സമാന്തരമാർഗ്ഗങ്ങൾ സ്വീകരിക്കുക.
5) കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് അവർ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികൾ മനസ്സിലാക്കി അതിനനുസരിച്ച് റോഡ് അറ്റകുറ്റപ്പണികൾ ആസൂത്രണം ചെയ്യുക
6) സർക്കാർ ഫണ്ട് നഷ്ടമാകുന്ന നിലവിലെ സ്ഥിതിക്ക് കൃത്യമായ ആസൂത്രണം, സംയോജനം, വിശകലനം എന്നിവ വഴി പരിഹാരം കാണുകയും റോഡ് സംരക്ഷണഗ്രാന്റിന്റെ വിനിയോഗം പൂർണ്ണവും ഫലപ്രദവുമാക്കിക്കൊണ്ട് ഗ്രാമീണറോഡുകളുടെ നിലവാരം മെച്ചപ്പെട്ടതായി നിലനിർത്തുകയും ചെയ്യുക.

## 1- 19 കൂലിച്ചെലവ് സബ്സിഡി -അർഹമായതിലും അധികം തുക അനുവദിച്ചു

I. വെറ്റിലകൃഷി

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം. | S0 135/25 |
| ഫണ്ട് | വികസനഫണ്ട് |
| അടങ്കൽ | 3,30,000/- |
| ചെലവ് | 3,30,000/- |
| ബിൽ നം., തീയതി | TRN240704000000017140/19.03.25 |

ജി.ഒ.(എം.എസ്.)115/2022/തസ്വഭവ തീയതി 28.05.2022 സബ്സിഡി, ധനസഹായം ,അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം കൂലിചെലവ് സബിസിഡി അനുവദനീയമായതിൽ വെറ്റിലകൃഷി ഉൾപ്പെടുന്നില്ല. ടി മാർഗ്ഗരേഖയിലെ ഖ.6.1 ക്രമ നം.9 പ്രകാരം മറ്റ് വിളവുകൾ എന്നതിലുൾപ്പെടുത്തിയാലും ഇത് പ്രകാരം ഒരു ഹെക്ടർ കൃഷി ചെയ്യുന്നതിന് (247 സെന്റ്) അനുവദനീയമായ പരമാവധി സബ്സിഡി 10,000/- രൂപയാണ്. പാട്ടത്തുകയായി ഹെക്ടറിന് 2,500/-രൂപ അധികം അനുവദിക്കാമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ, ആനുകൂല്യം കൈപ്പറ്റിയ കർഷകർ സബ്സിഡി അനുവദിച്ചതിന് ആനുപാതികമായ വിസ്തൃതിയിൽ കൃഷി ചെയ്തിട്ടില്ല.
എ) 12,500/-രൂപ വീതം കൈപ്പറ്റിയവർക്ക് അനുവദിച്ച അധിക തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കർഷകന്റെ പേര് | കൃഷി ഓഫീസറുടെ റിപ്പോർട്ട് പ്രകാരം കൃഷി ചെയ്ത ഏരിയ | അർഹമായ സബ്സിഡി | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | ഷാജി, ഷാജി ഭവനം | 25 സെന്റ് | 1265 | 12500 | 11235 |
| 2 | വേണുഗോപാലൻ നായർ, മായാ നിവാസ് | 25 സെന്റ് | 1265 | 12500 | 11235 |
| 3 | വിജു ബി., പൊയ്കയിലയ്യത്ത് | 25 സെന്റ് | 1265 | 12500 | 11235 |
| 4 | കൃഷ്ണൻകുട്ടി, ബിനോയ് ഭവനം | 25 സെന്റ് | 1265 | 12500 | 11235 |
| 5 | വിനോദ് എൻ., വൈഷ്ണവം | 25 സെന്റ് | 1265 | 12500 | 11235 |
| 6 | സുശീല കെ.കെ., കൊച്ചു തുണ്ടിൽ | 25 സെന്റ് | 1265 | 12500 | 11235 |
| 7 | സുനിൽകുമാർ റ്റി., സുരേഷ് ഭവനം | 25 സെന്റ് | 1265 | 12500 | 11235 |
| 8 | ശുഭ ഒ., പുത്തൻപുരക്കൽ | 25 സെന്റ് | 1265 | 12500 | 11235 |
| 9 | *രാജലക്ഷ്മി കെ.ആർ., കുഴിയിലേത്ത് പടീറ്റതിൽ (@ 10,000/-) | 25 സെന്റ് | 1012 | 12500 | 11488 |
| 10 | ബിനോയ് കെ. ബിനോയ് ഭവനം | 25 സെന്റ് | 1265 | 12500 | 11235 |

| | | | | | |
|---|---|---|---|---|---|
| 11 | മഞ്ജു മധുകുമാർ, കോട്ടുവിളയിൽ | 25 സെന്റ് | 1265 | 12500 | 11235 |
| 12 | അനിത, പ്ലാവിള വടക്കതിൽ | 25 സെന്റ് | 1265 | 12500 | 11235 |
| 13 | റോസമ്മ രാജൻ, മോടിയിൽ കിഴക്കതിൽ | 25 സെന്റ് | 1265 | 12500 | 11235 |
| 14 | *സിമി ആനന്ദ്, വിളയിൽ പുത്തൻവീട് (@ 10,000/-) | 25 സെന്റ് | 1012 | 12500 | 11488 |
| | ആകെ | | 17204 | 175000 | 157796 |

*ക്രമനം.9,14ലെ കർഷകർ സ്വന്തം ഭൂമിയിലാണ് കൃഷി ചെയ്തിട്ടുള്ളത് എന്നതിനാൽ അനുവദനീയമായ സബ്സിഡി 10,000/-രൂപ എന്ന നിരക്കിലാണ് അധികം നൽകിയ തുക തിട്ടപ്പെടുത്തിയത്.

ബി) 10,000/-രൂപ വീതം കൈപ്പറ്റിയവർക്ക് അനുവദിച്ച അധിക തുകയുടെ വിവരം -

| ക്രമ നം. | കർഷകന്റെ പേര് | കൃഷി ഓഫീസറുടെ റിപ്പോർട്ട് പ്രകാരം കൃഷി ചെയ്ത ഏരിയ | അർഹമായ സബ്സിഡി | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | രഞ്ജുമോൾ കെ.ആർ., അമ്പിളിഭവനം | 20സെന്റ് | 810 | 10000 | 9190 |
| 2 | സോമൻ പി., കുഴിപറമ്പിൽ | 20 സെന്റ് | 810 | 10000 | 9190 |
| 3 | ശ്രീദേവി ഗോപിനാഥൻ, വാരിച്ചിറതറയിൽ | 20 സെന്റ് | 810 | 10000 | 9190 |
| | ആകെ | | 2430 | 30000 | 27570 |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/14.10.2025), പദ്ധതിയിലുൾപ്പെട്ട കർഷകർ സ്വന്തമായും പാട്ടത്തിനും എടുത്തിട്ടുള്ള സ്ഥലങ്ങളിലാണ് നിലവിൽ കൃഷി ചെയ്തുവരുന്നതെന്നും അപേക്ഷയോടൊപ്പം സ്വന്തം സ്ഥലത്തിന്റെ രേഖകളാണ് നൽകിയിട്ടുള്ളത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്. അപേക്ഷക്കൊപ്പം ഹാജരാക്കിയ രേഖകൾ പ്രകാരമുള്ളതിലും അധികം സ്ഥലത്ത് ഇവർ കൃഷി നടത്തിയിട്ടുണ്ടെന്നും അറിയിച്ചു.എന്നാൽ മേൽ പട്ടികകളിൽ (എ&ബി) പരാമർശിച്ച കർഷകരുടെയെല്ലാം അപേക്ഷകളിൽ നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് യഥാക്രമം 25, 20 സെന്റ് വീതം സ്ഥലത്താണ് ഇവർ വെറ്റില കൃഷി ചെയ്തിട്ടുള്ളതെന്നാണ്. ഹാജരാക്കിയ രേഖകളിലെ സ്ഥലവിസ്തൃതി സംബന്ധിച്ചല്ല, കൃഷി ചെയ്തതായി നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടുള്ള വിസ്തൃതിക്കാനുപാതികമായല്ല സബ്സിഡി അനുവദിച്ചത് എന്നതാണ് ഓഡിറ്റ് പരാമർശിച്ചിട്ടുള്ളത് എന്നതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ പട്ടികകളിൽ വിവരിച്ച പ്രകാരം, സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിന് അധികമായി ചെലവഴിച്ച 1,85,366/- (157796 + 27570) രൂപ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

II. പുഷ്പകൃഷി

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥ | കൃഷി ഓഫീസർ |
| പ്രോജക്ട് നം. | S0 158/25 |
| ഫണ്ട് | വികസനഫണ്ട് |
| അടങ്കൽ | 20,000/- |
| ചെലവ് | 20,000/- |
| ബിൽ നം., തീയതി | TRN240704000000002416/25.05.24 |

പ്രോജക്ടിന്റെ ഭാഗമായി നാല് ജെ എൽ ജി കൾക്ക് (ശ്രീഹരി, ഹരിത സംഘകൃഷി, ശിവശക്തി, മഹിമ) 5,000/- രൂപ വീതം പുഷ്പ കൃഷിക്ക് കൂലി ചെലവ് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഗ്രൂപ്പുകൾ പുഷ്പകൃഷി ചെയ്തത് പ്രകാരം ലഭിച്ച വരുമാനത്തിന്റെ വിശദാംശം ഉൾപ്പെടുത്തിയ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. കൂടാതെ ജി.ഒ.(എം.എസ്.) 115/2022/തസ്വഭവ തീയതി 28.05.2022 സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം കൂലിചെലവ് സബ്സിഡി അനുവദനീയമായതിൽ പുഷ്പകൃഷി ഉൾപ്പെടുന്നില്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/14.10.2025),പുഷ്പകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം (19.03.25 ലെ 2(1b) കൂലിച്ചെലവ് സബ്സിഡി അനുവദിക്കാൻ തീരുമാനിച്ചതെന്നാണ് മറുപടി ലഭ്യമാക്കിയത്. സബ്സിഡി മാർഗ്ഗരേഖയിലില്ലാത്ത ഇനത്തിന്റെ നിർവ്വഹണത്തിനായി പ്രത്യേക സർക്കാർ അനുമതിയില്ലാതെ തുക ചെലവഴിക്കുന്നത് ക്രമപ്രകാരമല്ലാത്തതിനാൽ 20,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാർ മാർഗ്ഗനിർദ്ദേശത്തിനനുസൃതമായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1- 20 വാട്ടർ അതോറിറ്റിയിലെ നിക്ഷേപം - 98.1 ലക്ഷം രൂപയുടെ പ്രവത്തികൾ പൂർത്തിയായില്ല

കേരള വാട്ടർ അതോറിറ്റിയിൽ വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി കെട്ടിവച്ച 98.1 ലക്ഷം രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഇതിൽ 53.105 ലക്ഷം രൂപ നിക്ഷേപിച്ചിട്ട് അഞ്ച് വർഷത്തിലധികമായി. കൂടാതെ 45.485 ലക്ഷം രൂപ 2021-22 ൽ നിക്ഷേപിച്ചതുമാണ്. ഇത്രകാലമായിട്ടും പ്രവൃത്തികൾ പൂർത്തിയാകാത്തതിന്റെ കാരണം വ്യക്തമല്ല. ഇത് ഏതൊക്കെ പ്രവൃത്തികൾക്കായി നിക്ഷേപിച്ചു എന്ന വ്യക്തമായ വിവരവും രജിസ്റ്ററിലില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/9.10.25) കന്നിമേൽ കുടിവെള്ള പദ്ധതിക്കായി കെട്ടിവച്ച തുകയ്ക്കുള്ള ടെന്റർ പൂർത്തിയാക്കാൻ വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞിട്ടില്ല എന്നും പദ്ധതി നടപ്പാക്കാനാകാത്ത പക്ഷം തുക ജൽജീവൻ പദ്ധതിക്കുള്ള പഞ്ചായത്ത് വിഹിതത്തിൽ വകയിരുത്താമെന്ന് വാട്ടർ അതോറിറ്റി ബഹുമാനപ്പെട്ട നിയമസഭാ സമിതി മുൻപാകെ അറിയിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമായത്. ഒരു പ്രത്യേക പ്രോജക്ടിനായി വകയിരുത്തിയ പണം മറ്റ് ആവശ്യങ്ങൾക്ക് വകമാറ്റുന്നത് ശരിയായ പ്രവണതയല്ല. ഏത് ഫണ്ടാണ് പ്രസ്തുത പ്രോജക്ടിനായി വിനിയോഗിച്ചത് എന്നും ആ ഫണ്ട് ജൽജീവൻ മിഷൻ പദ്ധതിയിൽ പഞ്ചായത്ത് വിഹിതമായി വിനിയോഗിക്കാൻ അംഗീകാരമുള്ളതാണോയെന്നും പരിശോധിച്ച ശേഷം മാത്രമേ അത്തരത്തിലുള്ള ക്രമപ്പെടുത്തൽ നടത്താനാവൂ.
ഡിപ്പോസിറ്റ് വർക്കുകളിൽ പൂർത്തീകരണ കാലയളവ് വ്യക്തമാക്കി കരാർ ചമയ്ക്കാത്തത് പ്രവൃത്തികൾ അനന്തമായി നീണ്ടുപോകാനിടയാക്കുന്നുണ്ട്. നിക്ഷേപപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കപ്പെടുന്നു എന്നുറപ്പിക്കാൻ ഭരണസമിതിയും സെക്രട്ടറിയും ആവശ്യമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1- 21 എം.സി.എഫിലേയ്ക്ക് വാങ്ങിയ ബെയിലിംങ് മെഷീൻ, കൺവേയർ ബെൽറ്റ് എന്നിവ സ്ഥാപിച്ചില്ല

| പ്രോജക്ട് നമ്പർ | SO307/25 | SO193/25 |
|---|---|---|
| പ്രോജക്ടിന്റെ പേര് | എം.സി.എഫിലേയ്ക്ക് കൺവേയർ ബെൽറ്റ് വാങ്ങൽ | എം.സി.എഫിലേയ്ക്ക് ബെയിലിങ് മെഷീൻ വാങ്ങി സ്ഥാപിയ്ക്കൽ |
| അടങ്കൽ | 600000 (180000 + 420000) | 600000 |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് + കേന്ദ്രാവിഷ്കൃതഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |

| | | |
|---|---|---|
| ചെലവ് | സാങ്ഷൻ ഓർഡർ നമ്പർ 683/12.3.25 – 135000/- | സാങ്ഷൻ ഓർഡർ നമ്പർ 682/12.3.25 – 494250/- |
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |

മേൽ പ്രോജക്ടുകളിലുൾപ്പെടുത്തി വാങ്ങിയ കൺവേയർ ബെൽറ്റും ബെയിലിങ് മെഷീനും സ്ഥാപിയ്ക്കാതെ എം.സി.എഫിൽ സൂക്ഷിച്ചിരിയ്ക്കുന്നതായി പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. ഇപ്രകാരം ഉപകരണം സ്ഥാപിയ്ക്കാതെ സൂക്ഷിച്ചിരിയ്ക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 23/ 17.10.25 നൽകിയതിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. കൂടാതെ ബെയിലിങ് മെഷീന്റെ ഭാഗമായുള്ള ഒരുപകരണം സൂക്ഷിച്ചിരിയ്ക്കുന്നിടത്ത് മഴവെള്ളം വീഴുന്നതിനാൽ തുരുമ്പ് പിടിയ്ക്കുന്നതിനുള്ള സാധ്യതയുണ്ട്. മേൽ ഉപകരണങ്ങൾ അടിയന്തരമായി സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഉപകരണങ്ങൾ സ്ഥാപിച്ച് ഉപയോഗക്ഷമമാക്കിയതിന്റെ രേഖകൾ ലഭ്യമാക്കുന്നത് വരെ പ്രോജക്ടുകൾക്കായി ചെലവഴിച്ച 6,27,250/- രൂപ തടസ്സപ്പെടുത്തുന്നു.

## <u>1- 22 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഒടുക്കിയ തുക - ഡിമാന്റിൽ കുറവ് ചെയ്തില്ല</u>

ഗ്രാമപഞ്ചായത്തിന്റെ പ്രതിമാസ വെള്ളക്കരം 7,74,054/- രൂപയാണ്. ഈ തുകയും കുടിശ്ശിക വെള്ളക്കരവും ഒടുക്കുന്നതിനായി 1,64,34,943/- അടങ്കലിൽ 3 പ്രോജക്ടുകൾ ആവിഷ്ക്കരിച്ചിരുന്നു.

| പ്രോജക്ട് നം. | S057/25 (ന്യൂ) | SO185/25 (സ്പിൽ ഓവർ) | SO195/25 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | വാട്ടർ ചാർജ്ജ് അടയ്ക്കൽ - മാസം ബില്ലുകൾ | വാട്ടർ ചാർജ്ജ് അടയ്ക്കൽ - മാസം ബില്ലുകൾ | വാട്ടർ ചാർജ്ജ് കുടിശ്ശിക അടവാക്കൽ |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് + തനത് ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ്+ തനത് ഫണ്ട് | തനത് ഫണ്ട് |
| അടങ്കൽ | 2739814 + 7000000 | 1548408 + 2146721 | 3000000 |
| ചെലവ് | 2739814 + 356402 | 1548408/- | – |
| ബിൽ നം,തീയതി | 684/12.3.25 - 774054/-<br>685/12.3.25 - 774054/-<br>686/12.3.25 – 774054/-<br>778/25.3.25 – 417652/- | 285/29.6.24 – 774054/- (4/24 ലെ തുക)<br>268/25.6.24 – 774054/- (5/24 ലെ തുക) | ------- |

| | | | | |
|---|---|---|---|---|
| | | 780/25.3.25 – 356402/-<br>(ജൂൺ/24 മുതൽ സെപ്റ്റംബർ/24 വരെയുള്ള മാസങ്ങളിലെ തൻമാസ ഡിമാന്റ്) | | |

പ്രോജക്റ്റും അനുബന്ധരേഖകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ കണ്ടു.
1) വെള്ളക്കരം കുടിശ്ശിക ഒടുക്കുന്നതിനായി മൂന്ന് പ്രോജക്ടുകൾ ആവിഷ്ക്കരിച്ചതിന് ശേഷം രണ്ട് പ്രോജക്ടുകളിൽ നിന്ന് മാത്രം തുക ചെലവഴിച്ചെങ്കിലും പ്രതിമാസം വെള്ളക്കരം അടവാക്കാൻ നടപടികൾ സ്വീകരിച്ചില്ല.
2) വെള്ളക്കരം പ്രതിമാസം അടവാക്കേണ്ടതില്ല എന്നത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും വിശദാംശം ലഭ്യമാക്കിയില്ല
3) 4/24, 7/24, 9/24 എന്നീ മാസങ്ങളിലെ ഡിമാന്റ് നോട്ടീസിൽ ടാപ്പുകളുടെ എണ്ണം 638 ഉം 2/25 ൽ ടാപ്പുകളുടെ എണ്ണം 637 ഉം 7/25 ൽ ടാപ്പുകളുടെ എണ്ണം 635 എന്നും വ്യത്യസ്തമായി രേഖപ്പെടുത്തിയാണ് വെള്ളക്കര കുടിശ്ശിക ഡിമാന്റ് ചെയ്തിട്ടുള്ളത്. ഇപ്രാകാരം ടാപ്പുകളുടെ എണ്ണത്തിൽ വ്യത്യാസം ഉണ്ടായതിനുള്ള കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.
4) പഞ്ചായത്ത് തൻവർഷം വെള്ളക്കരമിനത്തിൽ ഒടുക്കിയ തുകയിൽ 30,96,216/- രൂപ 2025-26 ലെ ഡിമാന്റ് തുകകളിൽ കുറവ് ചെയ്തിട്ടില്ല. ഇപ്രാകാരം കുറവ് ചെയ്യാത്ത പക്ഷം അപാകത പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. വെള്ളക്കരമിനത്തിൽ ഒടുക്കുന്ന തുകകൾ യഥാസമയം ഡിമാന്റിൽ കുറവ് ചെയ്യാൻ തുടർനടപടികൾ സ്വീകരിക്കാത്ത വാട്ടർ അതോറിറ്റിയുടെ സമീപനം കാരണം ഫൈൻ ഇനത്തിലുണ്ടാകുന്ന വർദ്ധനവ് പഞ്ചായത്തിന് അധിക ബാധ്യത സൃഷ്ടിക്കുന്നു.
5) പൊതുടാപ്പുകളുടെ കുടിശ്ശിക സംബന്ധിച്ച് പഞ്ചായത്തിൽ കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയതും മുൻവർഷങ്ങളിൽ സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്തുവെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയില്ല.
6) ആംനസ്റ്റി അദാലത്തിൽ ഉൾപ്പെടുത്തി വെള്ളക്കരമിനത്തിലെ കുടിശ്ശിക തീർപ്പാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയില്ല.
7) ഉപയോഗക്ഷമമല്ലാത്ത ടാപ്പുകൾ വിച്ഛേദിച്ച് വെള്ളക്കരം പുനർനിർണ്ണയിക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റേയും ഡിസ്മാന്റിലിങ് നടത്തുന്നതിനായി തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല.

വെള്ളക്കരം ഇനത്തിൽ ഒടുക്കിയ തുക ഡിമാന്റിൽ കുറവ് ചെയ്ത് വിശദാംശം ലഭ്യമാക്കുന്നത് വരെ തൻ വർഷം ആകെ അടവാക്കിയ 46,44,624/- രൂപയിൽ ഡിമാന്റിൽ ക്രമീകരിക്കാത്ത 30,96,216/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ.ഉ (കൈ) നം. 119/2022 LSGD തീയതി 06.06.2022 പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ള കുടിശിക തുക യഥാസമയം അടയ്ക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്കാണെന്നും തുക അടയ്ക്കുന്നതിലെ കാലതാമസത്തിനുള്ള പിഴ സെക്രട്ടറിമാരുടെ വ്യക്തിപരമായ ബാദ്ധ്യതയാണെന്നും പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പ്രതിമാസ വെള്ളക്കരം യഥാസമയം അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 1- 23 അഗതിരഹിത കേരളം പദ്ധതി - തുക ചെലവഴിക്കാതെ അക്കൌണ്ടിൽ അവശേഷിക്കുന്നു

അഗതിരഹിത കേരളം പദ്ധതിയുടെ എസ്.ബി.ഐ., കൊച്ചാലുംമൂട് ശാഖയിലെ അക്കൌണ്ടിന്റെ (അക്കൌണ്ട് നം.38095087593) പാസ് ബുക്ക് പരിശോധിച്ചതിൽ 31.03.25ൽ 9,25,480/-രൂപയുടെയും 25.06.2025-ൽ 7,31,683/-രൂപയുടെയും നീക്കിയിരുപ്പുണ്ട്. മുൻ വർഷങ്ങളിൽ വിവിധ ഫണ്ടുകളിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാനവശേഷിക്കുന്ന തുകയും ടി നീക്കിയിരുപ്പിലുൾപ്പെടുന്നു എന്നതാണ് ഇത് വ്യക്തമാക്കുന്നത്. ഇവയുടെ ഫണ്ട് വിവരം, തുക അനുവദിച്ച സ്ഥാപനം, തുക ലഭിച്ച വർഷം, അഗതികൾക്ക് എന്ത് സേവനം ലഭ്യമാക്കുന്നതിനായി അനുവദിച്ചത്, തുക ചെലവഴിക്കാതെ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന്റെ കാരണം എന്നിവ വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/17.1025) ഭക്ഷണവിതരണം, ഭവനപുനരുദ്ധാരണം എന്നിവക്കായി ചെലവഴിക്കുന്നതിനുള്ള തുക മാത്രമാണ് നിലവിൽ അക്കൌണ്ടിൽ അവശേഷിക്കുന്നതെന്ന് അറിയിച്ചു. സിഡിഎസ് കമ്മിറ്റി തീരുമാനപ്രകാരം ഈ പദ്ധതിയിലെ മൂന്ന് ഗുണഭോക്താക്കളെ ഭവനപുനരുദ്ധാരണത്തിന് തെരഞ്ഞെടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതായും അറിയിച്ചു. മറുപടിയിൽ പരാമർശിച്ച പ്രകാരം സ്വീകരിക്കുന്ന തുടർനടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-24 വൃക്കരോഗികൾക്ക് ഡയാലിസിസ് കിറ്റ് വിതരണം - മാർഗ്ഗരേഖകൾക്ക് വിരുദ്ധമായ പ്രോജക്ട് നിർവ്വഹണം

| പ്രോജക്ട് നമ്പർ / പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ, തീയതി |
|---|---|---|---|
| 97/24-25 വൃക്കരോഗികൾക്ക് ഡയാലിസിസ് കിറ്റ് വിതരണം. | 1,00,000 (വികസനഫണ്ട്, ജനറൽ) | 99,976/- | BRN24070452009801037048/ 14.12.24 |

സ.ഉ.(കൈ) 115/2022/ത.സ്വ.ഭ.വ. തീ.28.5.22 ഖണ്ഡിക 7.6.7.1 പ്രകാരം വരുമാന പരിധിയ്ക്ക് വിധേയമായി എല്ലാ വിഭാഗം വൃക്ക രോഗികൾക്കും ഡയലിസിസ് നടത്തുന്നതിനുള്ള സഹായം ആഴ്ചയിൽ 1,000/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4,000/- രൂപ ബന്ധപ്പെട്ട ആശുപത്രിയ്ക്ക് നൽകുന്നതിനാണ് അനുമതിയുള്ളത്. എന്നാൽ തൻവർഷം ഡയാലിസിസ് കിറ്റ് വാങ്ങുന്നതിന് പ്രോജക്റ്റ് ആവിഷ്ക്കരിച്ച് നടപ്പാക്കുകയാണുണ്ടായത്. പ്രോജക്റ്റും അനുബന്ധരേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡയലിസിസ് നടത്തുന്നതിനുള്ള ചികിത്സാസഹായം നൽകുന്നതിന് പകരം മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് ഡയലിസിസ് കിറ്റ് (കെ.എം.എസ്.സി.എൽ.) വാങ്ങുകയാണുണ്ടായത്. മാർഗ്ഗരേഖയിലില്ലാത്ത ഒരിനത്തിനായി തുക ചെലവഴിച്ചപ്പോൾ സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങിയില്ല.

2. ഡയാലിസിസ് കിറ്റുകൾ രോഗികൾക്ക് വിതരണം നടത്തിയതിന്റെ രേഖകൾ, ഗുണഭോക്താക്കൾ മെഡിക്കൽ കിറ്റ് നിശ്ചിത ആവശ്യത്തിന് ഉപയോഗിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല.

3. കെ.എം.എസ്.സി.എൽ. ന് 99,976/- രൂപ മെഡിക്കൽ കിറ്റിനായി നൽകിയെങ്കിലും പദ്ധതിയ്ക്കായി 7,231/- രൂപയുടെ മെഡിക്കൽ കിറ്റ് നാളിതുവരെ ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.01/09.10.25) മറുപടിയായി ആകെ 25 ഗുണഭോക്താക്കൾക്കുള്ള ഡയാലിസിസ് കിറ്റാണ് പ്രോജക്റ്റിലുൾപ്പെടുത്തി വാങ്ങിയതെന്ന് അറിയിച്ചു. പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെ രേഖകളും, നിശ്ചിത ആവശ്യത്തിന് ഉപയോഗിച്ചതിന്റെ രേഖകളും ആവശ്യപ്പെട്ടിട്ടും അധികൃതർ ലഭ്യമാക്കിയില്ല. പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാതെ മറ്റു രീതികൾ അവലംബിക്കുന്നത് അഭിലഷണീയമല്ല. തുടർ വർഷങ്ങളിൽ ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ആരോഗ്യ വികസന സ്റ്റാന്റിംഗ് കമ്മറ്റിയും ബന്ധപ്പെട്ട വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ് എന്ന് കൂടി നിർദ്ദേശിക്കുന്നു.

## 1-25 കെ.എസ്.ഇ.ബി.യിൽ വിവിധ പ്രവർത്തികൾക്കായി നിക്ഷേപിച്ച തുക - പൂർത്തീകരണവിവരം ലഭ്യമല്ല

ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളിലുൾപ്പെടുത്തി പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കുന്നതിനായി കെ.എസ്.ഇ.ബി.കൊല്ലകടവ് ഓഫീസിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ /പേര് | S0363/25, 16- ാം വാർഡ് പോസ്റ്റ് സ്ഥാപിക്കൽ | S047/25, വികസനത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ |
|---|---|---|
| അടങ്കൽ | 17706 | 50000 |

| | | |
|---|---|---|
| ഫണ്ട് | തനത് ഫണ്ട് | വികസനഫണ്ട് - പൊതുവിഭാഗം |
| ചെലവ് | 17706/- സാങ്ഷൻ ഓർഡർ നമ്പർ - 690/12.3.25 | 28035/- സാങ്ഷൻ ഓർഡർ നമ്പർ - 503/20.12.24 – 10125/- സാങ്ഷൻ ഓർഡർ നമ്പർ - 565/28.1.25– 17910/- |
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |
| റിമാർക്സ് | പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല | എസ്റ്റിമേറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല |

പൂർത്തീകരണവിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 15/14.10.25 നൽകിയതിന്, ഗ്രാമപഞ്ചായത്തിൽ നിന്നും കെ.എസ്.ഇ.ബി. കൊല്ലകടവ് ഓഫീസിന് നൽകിയ 5093609/9.10.25 നമ്പർ കത്തിന്റെ പകർപ്പ് ഹാജരാക്കുകയുണ്ടായി. പൂർത്തീകരണവിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ 45,741/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1- 26 അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

സാമൂഹ്യ നീതി (ബി) വകുപ്പിന്റെ 06.08.2019 ലെ ബി1/493/2019/സാ.നീ.വ നം. സർക്കുലർ പ്രകാരം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിൽ അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാവേലി സ്റ്റോർ/ലാഭം മാർക്കറ്റുകളിലെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമേ നീതി/സഹകരണ സ്റ്റോറുകളിൽ നിന്നോ തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭക്ഷ്യ വസ്തുക്കൾ വാങ്ങുവാൻ പാടുള്ളുവെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലേയ്ക്കുള്ള ഭക്ഷ്യവസ്തുക്കൾ അറുനൂറ്റിമംഗലം സർവ്വീസ് സഹകരണ സംഘത്തിന്റെ നീതി സ്റ്റോറിൽ നിന്നുമാണ് (നം.1184) വാങ്ങിയിട്ടുള്ളത്. ഈ സർക്കുലറിലെ നിർദ്ദേശത്തിന് അനുസൃതമായി മാവേലി സ്റ്റോറിലെയും നീതി സ്റ്റോറിലെയും ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരം താരതമ്യം ചെയ്ത് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളിൽ ഇവ

ലഭ്യമല്ലായെന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റും ലഭ്യമായതായി കാണുന്നില്ല. സഹകരണ സംഘം നീതി സ്റ്റോറിൽ നിന്നും വാങ്ങുന്ന ഭക്ഷണസാധനങ്ങളുടെ ഗുണനിലവാരവും പരിശോധനാ വിധേയമാക്കിയിട്ടില്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/14.10.2025) ലഭ്യമാക്കിയ മറുപടിയിൽ, മറ്റു സ്ഥാപനങ്ങളിൽ നിന്നും ഭക്ഷ്യവസ്തുക്കൾ അങ്കണവാടികളിലെത്തിക്കാൻ ട്രാൻസ്പോർട്ടേഷൻ ചാർജ്ജായി കിലോഗ്രാമിന് 3.5 രൂപ നൽകേണ്ടി വരുമ്പോൾ നീതി സ്റ്റോറിൽ നിന്നും ലഭ്യമാക്കുന്നതിന് ഒരു രൂപ മാത്രമേ നൽകേണ്ടി വരുന്നുള്ളൂവെന്നും ഇത് കാരണം പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യം സംരക്ഷിക്കാനാകുന്നൂവെന്നുമാണ് അറിയിച്ചത്. സഹകരണ സംഘം നീതി സ്റ്റോറിൽ നിന്നും ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിനായുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം നിലവിൽ ലഭ്യമാകുന്നില്ലയെന്നും അറിയിച്ചു. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതികൾ നടപ്പിലാക്കുന്നത് ശരിയായ പ്രവണതയല്ല. പ്രത്യേകിച്ചും കുട്ടികൾക്ക് നൽകുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ഗുണമേൻമ ഉറപ്പാക്കേണ്ടത് തദ്ദേശസ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായുള്ള ഭക്ഷ്യധാന്യങ്ങളുടെ വാങ്ങലിൽ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1- 27 ചെലവ് രേഖകൾ പൂർണ്ണമല്ല - തുക തടസ്സപ്പെടുത്തുന്നു

ഫയൽ നമ്പർ 24/4980 ൽ 15,555 രൂപയുടെ പൈപ്പുകൾ വാങ്ങിയതിന്റെ രേഖകളാണ് ഉള്ളത് (ബിൽ നം.400/26.7.2024, ചെക്ക് നം.001824/26.7.24). ബാലവാടി വീട്ടിനാൽ റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കാനായി വാങ്ങിയതാണിതെന്ന് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനായുള്ള മറ്റ് ചെലവ് വിവരങ്ങൾ ഈ ഫയലിലില്ല. എസ്റ്റിമേറ്റ് ഇല്ലാതെയും ടെന്റർ നടപടികൾ സ്വീകരിക്കാതെയും പെറ്റി വർക്ക് എന്ന നിലയിലാണ് ഈ പ്രവൃത്തി നടത്തിയത് എന്ന് കാണുന്നു. 9.7.24 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിൽ (നം. 12(1a)) ഇതേ ആവശ്യത്തിന് പൈപ്പ് വാങ്ങാൻ 14,465 രൂപ കൂടി ചെലവഴിച്ചതായി പറയുന്നു. ഇതിന്റെ കൂലിച്ചെലവിന് എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമല്ല. ഓഡിറ്റ് അന്വേഷണം (22/18.10.25) നൽകിയെങ്കിലും ചെലവ് രേഖകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല. ആകയാൽ തന്നെ 15,555 രൂപ മുടക്കി ശ്രീലക്ഷ്മി ഏജൻസീസിൽ നിന്ന് വാങ്ങിയ പൈപ്പുകൾ, അനുബന്ധ സാമഗ്രികൾ എന്നിവയുടെ (ഇൻവോയിസ് നം. A6961, A6903) ഉപയോഗം കൃത്യമാണോയെന്ന് പരിശോധിക്കാനാകുന്നില്ല. വ്യക്തമായ വിനിയോഗ രേഖകളുടെ അഭാവത്തിൽ 15,555 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത ഉപകരണങ്ങൾ ഉപയോഗിച്ച് നടത്തിയ മുഴുവൻ പ്രവൃത്തിയുടേയും രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-28 ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ- ക്വട്ടേഷൻ/ ടെൻഡർ നടപടികൾ സ്വീകരിക്കാതെ പ്രോജക്ട് നിർവ്വഹിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ. |

| | |
|---|---|
| | S0275/25 |
| ഫണ്ടിനം | ഹെൽത്ത് ഗ്രാന്റ് |
| അടങ്കൽ | 1,50,000 |
| ചെലവ് | 1,38,255 |
| | സാംഗ്ഷൻ നമ്പർ-382, 30.09.24-7500 |
| | സാംഗ്ഷൻ നമ്പർ-380, 30.09.24-20745 |
| | സാംഗ്ഷൻ നമ്പർ-378, 30.09.24-22455 |
| | സാംഗ്ഷൻ നമ്പർ-381, 30.09.24-20865 |
| | സാംഗ്ഷൻ നമ്പർ-379, 30.09.24-22215 |
| | സാംഗ്ഷൻ നമ്പർ-377, 30.09.24-27480 |
| | സാംഗ്ഷൻ നമ്പർ-376, 30.09.24-16995 |

ആരോഗ്യ കേന്ദ്രങ്ങൾക്ക് ഏകീകരിച്ച നിറം നൽകുന്നതിനും ലോഗോ വരച്ച് പതിപ്പിക്കുന്നതിനും ഹെൽത്ത് & ഫാമിലി വെൽഫെയർ ഡിപ്പാർട്ട്മെന്റ് (ജി.ഒ.(ആർ.ടി)നം.1543/2024/H&FWD തീയതി 26.06.24) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിൽ ലോഗോയുടെ സ്പെസ്സിഫിക്കേഷനും നിരക്കും, ആരോഗ്യകേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും യെല്ലോ മെറ്റൽ ഷേയ്ഡ് ആന്റ് എത്തിനിക് ബ്രൈവുൺ ഷേയ്ഡ് പെയിന്റ് ചെയ്യേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം പി.എച്ച്.സി മെയിൻ സെന്ററിനും 7 സബ്ബ്സെന്ററുകൾക്കും മെഡിക്കൽ ഓഫീസറിന്റെ ഉത്തരവ് പ്രകാരം പ്രവൃത്തി നിർവ്വഹിച്ച കരാറുകാരന് 1,38,255 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

നിർവ്വഹിച്ച പ്രവൃത്തിയുടെ പെയിന്റ്, ലോഗോ എന്നിവയുടെ മെഷർമെന്റ് തയ്യാറാക്കിയത് സാങ്കേതിക ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കരാറുകാരനെ തെരഞ്ഞെടുത്തത് ക്വട്ടേഷൻ/ടെൻഡർ നടപടികളിലൂടെയല്ല. സ്റ്റോർ പർച്ചേസ് മാന്വൽ 2013 (ജി.ഒ.(പി) നം. 03/2013 /എസ്.പി.ഡി. തീയതി 21.06.2013 പ്രകാരം സാധന/ സേവന സമാഹരണത്തിൽ കാര്യക്ഷമത, മിതവ്യയത്വം, ഉത്തരവാദിത്വം എന്നിവ ഉറപ്പാക്കുവാൻ മാന്വലിലെ മാനദണ്ഡങ്ങൾക്ക് വിധേയമാക്കണം എന്ന് ഖണ്ഡിക (1.3) ൽ പ്രതിപാദിക്കുന്നുണ്ട്. എസ്റ്റിമേറ്റ് തുക 15,000 രൂപയ്ക്ക് മുകളിലുള്ള എല്ലാ സാധന/സേവന സമാഹരണത്തിലും സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക (7.6)മുതൽ (7.31)വരെ പ്രകാരം ക്വട്ടേഷൻ/ ടെൻഡർ നടപടി പാലിച്ചിരിക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. സ്റ്റോർ പർച്ചേസ് നിയമവും ചട്ടങ്ങളും ബന്ധപ്പെട്ട നിർദ്ദേശങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാണ് എന്നിരിക്കെ മേൽ സൂചിപ്പിച്ച സേവന സമാഹാരങ്ങൾക്ക് പ്രസ്തുത വ്യവസ്ഥകൾ ബാധകമാക്കാതിരുന്നതിന്റെ കാരണം ഓഡിറ്റിനെ അടിയന്തിരമായി ബോധ്യപ്പെടുത്തുന്നതിന് 13.10.2025 തീയതിയിൽ ഓഡിറ്റ് എൻക്വയറി 08/25 ആയി നൽകിയിരുന്നങ്കിലും അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. മാനദണ്ഡങ്ങളുടെ ലംഘനം നടത്തിയാണ് പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചതെന്ന് ഗൗരവമായി കാണുന്നു. നിർവ്വഹണത്തിലെ വിഴ്ച

പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കണമെന്നും ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്നും ആരോഗ്യ വികസനസ്റ്റാന്റിംഗ് കമ്മറ്റിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

**1- 29 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയിട്ടില്ല**

2023-24 ൽ ശ്രീ മോഹൻദാസ് കെ., അസിസ്റ്റന്റ് സെക്രട്ടറിക്ക് ഫെസ്റ്റിവൽ അഡ്വാൻസായി നൽകിയ 20,000 രൂപയിൽ 4,000 രൂപ ഇനിയും തിരികെ ഈടാക്കപ്പെട്ടിട്ടില്ല. ഇതിന്റെ കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/9.10.25) തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമായി. മുൻകൂർ നൽകിയ തുക പ്രസ്തുത ജീവനക്കാരൻ സ്ഥലംമാറ്റപ്പെട്ട് പോയ സ്ഥാപനത്തിൽ ഒടുക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും തിരികെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

**1- 30 ലൈഫ് ഭവനപദ്ധതി - മുൻകൂർ കൈപ്പറ്റിയവർ ഭവനനിർമ്മാണം ആരംഭിച്ചില്ല**

ലൈഫ് ഭവന പദ്ധതി (എസ്.സി) പ്രകാരം മുൻകൂർ തുക കൈപ്പറ്റിയതും നിലവിലും (ഒക്ടോബർ,2025) ഭവന നിർമ്മാണം ആരംഭിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | വാർഡ് | കൈപ്പറ്റിയ തുക | ബിൽ നം., തീയതി |
|---|---|---|---|---|
| 1 | അഭയഗോപാൽ, അമ്പാടിയിൽ | 14 | 40,000 | RBI2012403944259/ 18.07.24 |
| 2 | മധു, കളപ്പുരയിൽ | 7 | 40,000 | RBI2012403944264/ 18.07.24 |
| 3 | സുഭാഷ്, നിറവിനാൽ | 15 | 40,000 | 24330679959/15.11.24 |

പട്ടികയിലെ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. ആനുകൂല്യം കൈപ്പറ്റിയ ശേഷം ഭവനനിർമ്മാണം നടത്താൻ വിസമ്മതിക്കുന്ന ഗുണഭോക്താക്കളിൽ നിന്നും അവർ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1- 31 സുജലം പദ്ധതി- പണയിൽകുളം സൈഡ് ഭിത്തി മെയിന്റനൻസ് - കാലതാമസത്തിനുള്ള പിഴ ഈടാക്കിയില്ല**

പ്രോജക്ടിന്റെ പേര് –"സുജലം പദ്ധതി- പണയിൽകുളം സൈഡ് ഭിത്തി മെയിന്റനൻസ്"
പ്രോജക്ട് നം. – S0236/25
അടങ്കൽ-പ്രത്യേക ഗ്രാന്റ്-3,00,000
തനത് ഫണ്ട്-1,50,000
ജില്ലാപഞ്ചായത്ത് വിഹിതം-4,50,000

ആകെ അടങ്കൽ-9,00,000
ആകെ ചെലവ് -6,00,000
ചെലവ് –സാങ്ഷൻ ഓർഡർ നമ്പർ 317/22.7.24 – 50,000/- തനത് ഫണ്ട്
സാങ്ഷൻ ഓർഡർ നമ്പർ 731/18.3.25 – 1,00,000/- തനത് ഫണ്ട്
സാങ്ഷൻ ഓർഡർ നമ്പർ 596/7.2.25 –4,50,000/- ജില്ലാ പഞ്ചായത്ത്
വിഹിതം
നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

2022-23 വർഷത്തിൽ വിഭാവനം ചെയ്തതും (S0239/23) തുടർന്ന് സ്പിൽഓവറായി (Agre – 12/AE/LSGD/TZKA/23-24 Dtd 27.10.23) കരാർ വെച്ചതുമായ പ്രവൃത്തിയുടെ കരാറുകാരനായ പി.കെ.ചാക്കോയ്ക്ക് 31.10.2023 ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയും ലെറ്റർ ഓഫ് അക്സപ്റ്റൻസ് പ്രകാരം 4 മാസത്തെ പൂർത്തീകരണ കാലാവധി നിശ്ചയിച്ചിരുന്നതുമാണ്. ഇത് പ്രകാരം 27.2.24 ന് പൂർത്തീകരിക്കേണ്ടിയിരുന്ന ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ സൈറ്റ് കണ്ടീഷൻ അനുസരിച്ച് മാറ്റം വരുത്തുന്നതിനായി അസി.എഞ്ചിനീയർ നൽകിയ കത്ത് പരിഗണിച്ച് ഭരണാനുമതി തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നൽകുന്നതിന് 6.5.24 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തിട്ടുമുണ്ട് (നം. 9(2)). എന്നാൽ 27.2.24 ന് പൂർത്തീകരണകാലാവധി അവസാനിച്ച ഈ പ്രോജക്ടിന്റെ കാലാവധി നീട്ടി നൽകുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. പഞ്ചായത്ത് കമ്മിറ്റി ഈ അപേക്ഷ പരിഗണിച്ച് തീരുമാനങ്ങൾ എടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്ക് ശേഷം പൂർത്തീകരിച്ച ഈ പ്രവർത്തിക്ക് നിയമ പ്രകാരം ഈടാക്കേണ്ട കാലതാമസത്തിനുള്ള പിഴ കുറവ് ചെയ്ത് മാത്രം ഫൈനൽ ബിൽ നൽകേണ്ടതാണ്. അപാകത സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 14/14.10.25 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഫൈനൽ ബിൽ നൽകുമ്പോൾ പിഴ ഈടാക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്.

## <u>1- 32 മരാമത്ത് പ്രവർത്തികൾ- ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാതെ ഫൈൻ ഈടാക്കി ക്രമീകരിച്ച് വരുന്നു</u>

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് (ക്ലോസ് 12.1,12.2) വ്യവസ്ഥ പ്രകാരം പ്രവൃത്തിയിൽ ഉൾപ്പെടുന്ന മെറ്റീരിയൽസ്, മെഷിനറീസ്, തൊഴിലാളികൾ എന്നിവയ്ക്കായി കരാർ തുകയുടെ 0.5% നിരക്കിൽ, (മിനിമം 200000/- പരമാവധി 500000/- രൂപ) ഇൻഷ്വറൻസ് എടുക്കേണ്ടതാണെന്നും, പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവൃത്തി സംബന്ധമായി ഉണ്ടാകുന്ന അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായാണ് ഈ വ്യവസ്ഥ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പൊതുമരാമത്ത് വിഭാഗത്തിൽ വരുന്ന പ്രവൃത്തികളിലെല്ലാം പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം ഇൻഷ്വറൻസ് കവറേജ് എടുത്ത് കരാറുകാരൻ സമർപ്പിക്കേണ്ടതാണ്. പ്രവൃത്തിയുടെ ലെറ്റർ ഓഫ് അക്സെപ്റ്റൻസിലും, എഗ്രിമെന്റിലും ഇക്കാര്യം കൃത്യമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ കരാറുകാർ ഇപ്രകാരം നിശ്ചിത

തുകയ്ക്കുള്ള ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കാത്തതിനാൽ കരാറുകാരുടെ ബില്ലിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥ നിശ്ചിത നിരക്കിലുള്ള ഫൈൻ ഈടാക്കിയിട്ടുണ്ട്. ഇപ്രകാരം പോളിസി എടുക്കാതെ പിഴ ഈടാക്കിയിട്ടുള്ള ഏതാനും പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/ പേര് | കരാറുകാരന്റെ പേര് | പി.എ.സി | ഇൻഷുറൻസ് തുക |
|---|---|---|---|---|
| 1 | കല്ലൂർമുക്ക് സൊസൈറ്റി മുക്ക് റോഡ് മെയിന്റനൻസ് | രമേഷ് എസ്. | 1051022 | 2 ലക്ഷം |
| 2 | കാരമൂട് മുറിവായിക്കര റോഡ് ടാറിംഗ് | സാബു എ. | 2121842 | 2 ലക്ഷം |
| 3 | തടിമിൽ – ശക്തി ബിൽഡിംഗ് ഓംകാരം റോഡ് ടാറിംഗ് | അരുൺ സോമൻ | 512160 | 2 ലക്ഷം |

എല്ലാ മരാമത്ത് പ്രവർത്തികൾക്കും നിർദ്ദിഷ്ട തുകയ്ക്കുള്ള ഇൻഷുറൻസ് ഉണ്ട് എന്നത് ഉറപ്പാക്കേണ്ടതാണ്.

## 1- 33 ഗ്രാമസഭകളുടെ പ്രവർത്തനം ശുഷ്കം, കർമ്മസമിതികളും കാര്യക്ഷമമല്ല

ഗ്രാമീണമേഖലയിൽ തദ്ദേശസ്വയംഭരണത്തിന്റേയും വികേന്ദ്രീകൃത ആസൂത്രണത്തിന്റേയും ആണിക്കല്ലായി വർത്തിക്കേണ്ടത് ക്രിയാത്മകമായി പ്രവർത്തിക്കുന്ന ഗ്രാമസഭകളാണ്. എന്നാൽ തഴക്കര പഞ്ചായത്തിൽ ഇതിന്റെ സംഘാടനം, പ്രവർത്തനം എന്നിവ ശുഷ്കമാണ്. കേരള പഞ്ചായത്ത് രാജ് നിയമം 1994 വകുപ്പ് 3(3) പ്രകാരം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകൾ യോഗം ചേരേണ്ടതുണ്ട്. എന്നാൽ തഴക്കര ഗ്രാമപഞ്ചായത്തിൽ 2024 ജനുവരിക്കും 2025 സെപ്റ്റംബറിനുമിടയിൽ 4 ഗ്രാമസഭകൾ മാത്രമാണ് കൂടിയിട്ടുള്ളത്. ജനുവരി 2024, സെപ്റ്റംബർ 2024, ജനുവരി 2025, മേയ് 2025 മാസങ്ങളിലാണ് ഗ്രാമസഭകൾ യോഗം ചേർന്നത്.

പ്രസ്തുത നിയമത്തിലെ 3എ, 3 ബി വകുപ്പുകളിൽ ഗ്രാമസഭയുടെ അധികാരങ്ങൾ, ചുമതലകൾ, അവകാശങ്ങൾ, ഉത്തരവാദിത്തങ്ങൾ എന്നിവ അക്കമിട്ട് നിരത്തുന്നുണ്ട്. എന്നാൽ വാർഷിക പദ്ധതി രൂപീകരണത്തിന് നിർദ്ദേശങ്ങൾ വയ്ക്കുകയും വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നതൊഴികെ മറ്റ് ചുമതലകളും അവകാശങ്ങളും കാര്യക്ഷമമായി വിനിയോഗിക്കപ്പെടുന്നില്ല. വാർഡിനുള്ള ബജറ്റ്

വകയിരുത്തൽ, നിർമ്മാണപ്രവൃത്തികളുടെ എസ്റ്റിമേറ്റ്, ഓഡിറ്റ് റിപ്പോർട്ട് എന്നിവയൊന്നും തന്നെ ഗ്രാമസഭയിൽ ചർച്ചാവിഷയമാകുന്നില്ല. ഗ്രാമസഭയിലെ പ്രാതിനിധ്യം പലപ്പോഴും കാറത്തിലൊതുങ്ങുന്നു. ഗ്രാമസഭ നിർദ്ദേശിച്ചതും എന്നാൽ നടപ്പാക്കാതെ പോയതുമായ പ്രവർത്തനങ്ങൾ ഗ്രാമസഭയിൽ കൺവീനർ വിശദീകരിക്കണമെന്ന വകുപ്പ് 3(6) ലെ വ്യവസ്ഥയും നടപ്പാക്കപ്പെടുന്നില്ല. ഗ്രാമസഭാ കോഡിനേറ്ററായി നിർദ്ദേശിക്കപ്പെട്ട ഉദ്യോഗസ്ഥനൊഴികെ മറ്റ് ഉദ്യോഗസ്ഥരോ നിർവ്വഹണോദ്യോഗസ്ഥരോ ഗ്രാമസഭയിൽ പങ്കെടുക്കുന്നില്ല. ബ്ലോക്ക്, ജില്ലപഞ്ചായത്ത് അംഗങ്ങളുടെ സാന്നിദ്ധ്യം ഗ്രാമസഭകളിൽ ഉണ്ടാകുന്നില്ല. ഗ്രാമസഭ നിർദ്ദേശിച്ച റോഡുമെയിന്റനൻസുകൾ പൂർത്തിയാക്കാനാകാത്തത് സംബന്ധിച്ച കാരണം അടുത്ത ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടതായോ അത് സംബന്ധിച്ച് ചോദ്യങ്ങൾ ഉയർന്നതായോ കാണുന്നില്ല.

പഞ്ചായത്തിൽ കർമ്മസമിതികൾ (വർക്കിംഗ് ഗ്രൂപ്പ്) വർഷത്തിലൊരിക്കൽ യോഗം ചേർന്ന് പദ്ധതികൾക്ക് രൂപം നൽകുന്നതൊഴിച്ചാൽ ഇവയുടെ നിർവ്വഹണ ഘട്ടത്തിൽ ഇവയുടെ ക്രിയാത്മക ഇടപെടൽ ഉണ്ടാകുന്നില്ല. പദ്ധതികളുടെ നടത്തിപ്പ്, അതിന്റെ ഫലപ്രാപ്തി എന്നിവ അപഗ്രഥിക്കുന്നതിനും ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിനും കൂടി ഉത്തരവാദിത്തപ്പെട്ട കർമ്മസമിതികൾ അക്കാര്യങ്ങൾ ഫലപ്രദമായി ചെയ്യുന്നില്ല.

ഗ്രാമസഭകൾ, കർമ്മസമിതികൾ എന്നിവയുടെ പ്രവർത്തനം ഊർജ്ജിതമാക്കിക്കൊണ്ട് വികേന്ദ്രീകൃത ആസൂത്രണത്തിന്റേയും തദ്ദേശ സ്വയംഭരണത്തിന്റേയും പ്രഖ്യാപിത ലക്ഷ്യങ്ങൾ സാദ്ധ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1- 34 ജലജീവൻ പദ്ധതി - തനത് വിഹിതം -വിനിയോഗം -സംബന്ധിച്ച്

ഇന്ത്യയിലെ എല്ലാ ഗ്രാമീണ വീടുകളിലും രണ്ടായിരത്തിഇരുപത്തിനാലോടെ വ്യക്തിഗത ഗാർഹിക ടാപ്പ് കണക്ഷനുകളിലൂടെ സുരക്ഷിതവും മതിയായതുമായ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ജലജീവൻ പദ്ധതി. ജലസംരക്ഷണം, മഴവെള്ള സംഭരണം, പുനരുപയോഗം തുടങ്ങിയ കാര്യങ്ങൾക്ക് പ്രാധാന്യം നൽകി കമ്മ്യൂണിറ്റി പങ്കാളിത്തത്തോടെയുള്ള ജലപരിപാലനമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കേരളത്തിൽ വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജലജീവൻ പദ്ധതിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വിഹിതം 15% ഉം, ഗുണഭോക്തൃ വിഹിതം 10% ഉം ആണ്.പഞ്ചായത്ത് വിഹിതവും, ഗുണഭോക്തൃ വിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾക്ക് എംഎൽഎ മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ സ.ഉ (സാധാ.)നം.4584/2020/ധനം,തീയതി-10.08.2020 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ഫണ്ടിന്റെ അപര്യാപ്തത കാരണം ഗ്രാമപഞ്ചായത്ത് വിഹിതം, ഗുണഭോക്തൃ വിഹിതം എന്നിവ വകയിരുത്തി പ്രോജക്ടുകളൊന്നും ആവിഷ്കരിച്ചിട്ടില്ല എന്നാണ് ജലജീവൻ പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചത്. പഞ്ചായത്ത് പ്രദേശത്തെ എത്രത്തോളം കുടുംബങ്ങൾക്ക് ജലജീവൻ പദ്ധതിയുടെ ഭാഗമായി നാളിതുവരെ ഗാർഹിക കണക്ഷൻ ലഭ്യമായിട്ടുണ്ട് എന്നതിന്റെ വിവരവും ലഭ്യമല്ല.

പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക ഇനത്തിൽ പഞ്ചായത്തിന് വലിയ ബാധ്യതയുണ്ട്. കൂടാതെ

വിവിധ കുടിവെള്ള പദ്ധതികൾക്കായി ലക്ഷക്കണക്കിന് രൂപ വാട്ടർ അതോറിറ്റിയിൽ പലവർഷങ്ങളിലായി നിക്ഷേപിച്ചിട്ടുണ്ടെങ്കിലും അവ പൂർത്തിയായിട്ടുമില്ല. വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ദൌർലഭ്യം നേരിടുന്ന പ്രദേശമെന്ന നിലയിൽ കുടിവെള്ള വിതരണത്തിൽ ശാശ്വതമായ പരിഹാര മാർഗ്ഗങ്ങൾ തേടേണ്ടത് അനിവാര്യമാണ്.
കേന്ദ്രസംസ്ഥാനസർക്കാർ പങ്കാളിത്തത്തോടെ തദ്ദേശസ്ഥാപനങ്ങൾ മുഖാന്തിരം നടപ്പാക്കുന്ന പദ്ധതിയിൽ ഭാഗമായി ലക്ഷ്യം കൈവരിക്കാനായാൽ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കപ്പെടുന്നതോടൊപ്പം പൊതുടാപ്പുകളുടെ വെള്ളക്കരമടവ് എന്ന പഞ്ചായത്തിന്റെ ബാധ്യത ഭാവിയിൽ പൂർണ്ണമായും ഒഴിവാകാനുള്ള സാധ്യതയുമുണ്ട്. ആയതിനാൽ ജലജീവൻപദ്ധതിക്കായി സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് അനുസൃതമായി തുക വകയിരുത്തി ചെലവഴിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-35 ഹെൽത്ത് ഗ്രാന്റ് വിനിയോഗ വിവരങ്ങൾ - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ (FC-XV) പ്രാഥമിക ആരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ആരോഗ്യ മേഖല ഗ്രാന്റുകൾ നൽകണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. രോഗനിർണ്ണയ സൗകര്യങ്ങൾ സ്ഥാപിക്കുന്നതും ഗ്രാമീണ ആരോഗ്യ കേന്ദ്രങ്ങളെ ആരോഗ്യ, ക്ഷേമ കേന്ദ്രങ്ങളാക്കി മാറ്റുന്നതും ഉൾപ്പെടെയുള്ള ആരോഗ്യ സംരക്ഷണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് ഈ ഗ്രാന്റുകൾ ഉദ്ദേശിക്കുന്നത്. ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം

| സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|
| സ്കീം-1 | -- | 27,75,000 | -- | -- |
| സ്കീം-2 | -- | -- | -- | -- |
| സ്കീം-3 | 4,65,834 | 10,47,000 | 4,37,000 | -- |
| സ്കീം-4 | 2,82,864 | 4,31,000 | 6,86,000 | -- |

2) നാളിതുവരെ ചെലവഴിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം

| സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|
| സ്കീം-1 | -- | 27,75,000 | | |
| സ്കീം-2 | | -- | | |
| സ്കീം-3 | 4,65,834 | 10,47,000 | 2,76,959 | |

| | | | | |
|---|---|---|---|---|
| സ്കീം-4 | 2,82,864 | 4,31,000 | 6,86,000 | |

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഹെൽത്ത് ഗ്രാന്റ് നിലവിൽ ഫലപ്രദമായിമായി വിനിയോഗിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. സ്കീം -3 ൽ 2023-24 ലഭിച്ച 4,37,000 രൂപയിൽ 1,60,041 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ആരോഗ്യ മേഖലയുടെ വികസനത്തിനായി കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനും ആവശ്യമായ പദ്ധതികൾ രൂപകല്പന ചെയ്ത് നടപ്പിലാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കൂലിച്ചെലവ് സബ്സിഡി -അർഹമായതിലും അധികം തുക അനുവദിച്ചു

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥ | കൃഷിഓഫീസർ |
| പ്രോജക്ട് നം. | S0 135/25 |
| പ്രോജക്ടിന്റെ പേര് | വെറ്റിലകൃഷി |
| ഫണ്ട് | വികസനഫണ്ട് |
| അടങ്കൽ | 3,30,000/- |
| ചെലവ് | 3,30,000/- |
| ബിൽ നം,തീയതി | TRN240704000000017140/19.03.25 |

ജി.ഒ.(എം.എസ്.)115/2022/തസ്വഭവ തീയതി 28.05.2022 സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം കൂലിചെലവ് സബിസിഡി അനുവദനീയമായതിൽ വെറ്റിലകൃഷി ഉൾപ്പെടുന്നില്ല. ടി മാർഗ്ഗരേഖയിലെ ഖ.6.1 ക്രമനം. 9 പ്രകാരം മറ്റ് വിളവുകൾ എന്നതിലുൾപ്പെടുത്തിയാലും ഇത് പ്രകാരം ഒരു ഹെക്ടറിന് (247 സെന്റ്) അനുവദനീയമായ പരമാവധി സബ്സിഡി 10,000/-രൂപയാണ്. പാട്ടത്തുകയായി ഹെക്ടറിന് 2,500/-രൂപ അധികം അനുവദിക്കാമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷകൾ പരിശോധിച്ചതിൽ, ആനുകൂല്യം കൈപ്പറ്റിയ കർഷകർ ആനുപാതികമായ വിസ്തൃതിയിൽ കൃഷി ചെയ്തിട്ടില്ല.

എ) 12,500/-രൂപ വീതം കൈപ്പറ്റിയവർക്ക് അനുവദിച്ച അധിക തുകയുടെ വിവരം ചുവടെ ചേർക്കുന്നു. ക്രമനം.9,14ലെ കർഷകർ സ്വന്തം ഭൂമിയിലാണ് കൃഷി ചെയ്തിട്ടുള്ളത്.

| ക്രമ നം. | കർഷകന്റെ പേര് | കൃഷി ഓഫീസറുടെ റിപ്പോർട്ട് പ്രകാരം കൃഷി ചെയ്ത ഏരിയ | അർഹമായ സബ്സിഡി | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | ഷാജി, ഷാജി ഭവനം | 25 സെന്റ് | 1265 | 12500 | 11235 |
| 2 | വേണുഗോപാലൻ നായർ, മായാ നിവാസ് | 25 സെന്റ് | 1265 | 12500 | 11235 |
| 3 | വിജു ബി., പൊയ്കയിലയ്യത്ത് | 25 സെന്റ് | 1265 | 12500 | 11235 |
| 4 | കൃഷ്ണൻകുട്ടി, ബിനോയ് ഭവനം | 25 സെന്റ് | 1265 | 12500 | 11235 |
| 5 | വിനോദ് എൻ., വൈഷ്ണവം | 25 സെന്റ് | 1265 | 12500 | 11235 |
| 6 | സുശീല കെ.കെ., കൊച്ചു തുണ്ടിൽ | 25 സെന്റ് | 1265 | 12500 | 11235 |
| 7 | സുനിൽകുമാർ റ്റി., സുരേഷ് ഭവനം | 25 സെന്റ് | 1265 | 12500 | 11235 |
| 8 | ശുഭ ഒ., പുത്തൻപുരക്കൽ | 25 സെന്റ് | 1265 | 12500 | 11235 |
| 9 | രാജലക്ഷ്മി കെ.ആർ., കുഴിയിലേത്ത് പടീറ്റതിൽ (@ 10,000/-) | 25 സെന്റ് | 1012 | 12500 | 11488 |

| | | | | | |
|---|---|---|---|---|---|
| 10 | ബിനോയ് കെ. ബിനോയ് ഭവനം | 25 സെന്റ് | 1265 | 12500 | 11235 |
| 11 | മഞ്ജു മധുകുമാർ, കോട്ടുവിളയിൽ | 25 സെന്റ് | 1265 | 12500 | 11235 |
| 12 | അനിത, പ്ലാവിള വടക്കതിൽ | 25 സെന്റ് | 1265 | 12500 | 11235 |
| 13 | റോസമ്മ രാജൻ, മോടിയിൽ കിഴക്കതിൽ | 25 സെന്റ് | 1265 | 12500 | 11235 |
| 14 | സിമി ആനന്ദ്, വിളയിൽ പുത്തൻവീട് (@ 10,000/-) | 25 സെന്റ് | 1012 | 12500 | 11488 |
| | ആകെ | | 17204 | 175000 | 157796 |

ബി) 10,000/-രൂപ വീതം കൈപ്പറ്റിയവർക്ക് അനുവദിച്ച അധിക തുകയുടെ വിവരം -

| ക്രമ നം. | കർഷകന്റെ പേര് | കൃഷി ഓഫീസറുടെ റിപ്പോർട്ട് പ്രകാരം കൃഷി ചെയ്ത ഏരിയ | അർഹമായ സബ്സിഡി | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | രഞ്ജുമോൾ കെ.ആർ., അമ്പിളിഭവനം | 20 സെന്റ് | 810 | 10000 | 9190 |
| 2 | സോമൻ പി., കുഴിപറമ്പിൽ | 20 സെന്റ് | 810 | 10000 | 9190 |
| 3 | ശ്രീദേവി ഗോപിനാഥൻ, വാരിച്ചിറതറയിൽ | 20 സെന്റ് | 810 | 10000 | 9190 |
| | ആകെ | | 2430 | 30000 | 27570 |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/14.10.2025), പദ്ധതിയിലുൾപ്പെട്ട കർഷകർ സ്വന്തമായും പാട്ടത്തിനും എടുത്തിട്ടുള്ള സ്ഥലങ്ങളിലാണ് നിലവിൽ കൃഷി ചെയ്തുവരുന്നതെന്നും ജനകീയാസൂത്രണ അപേക്ഷയോടൊപ്പം സ്വന്തം സ്ഥലത്തിന്റെ രേഖകളാണ് നൽകിയിട്ടുള്ളത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്. അപേക്ഷക്കൊപ്പം ഹാജരാക്കിയ രേഖകൾ പ്രകാരമുള്ളതിലും അധികം സ്ഥലത്ത് ഇവർ കൃഷി നടത്തിയിട്ടുണ്ടെന്നും അറിയിച്ചു.എന്നാൽ മേൽ പട്ടികയിൽ പരാമർശിച്ച കർഷകരുടെയെല്ലാം അപേക്ഷകളിൽ നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് യഥാക്രമം 25, 20 സെന്റ് വീതം സ്ഥലത്താണ് ഇവർ വെറ്റില കൃഷി ചെയ്തിട്ടുള്ളതെന്നാണ്. ഹാജരാക്കിയ രേഖകളിലെ സ്ഥലവിസ്തൃതി സംബന്ധിച്ചല്ല, കൃഷി ചെയ്തതായി നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടുള്ള വിസ്തൃതിക്കാനുപാതികമായല്ല സബ്സിഡി അനുവദിച്ചത് എന്നതാണ് ഓഡിറ്റ് പരാമർശിച്ചിട്ടുള്ളത് എന്നതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ പട്ടികകളിൽ വിവരിച്ച പ്രകാരം, സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിന് അധികമായി ചെലവഴിച്ച 1,85,366/- (157796 + 27570) രൂപ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് - വിവരശേഖരണം

| **01.04.2024-** മുൻപ് സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം | | | | |
|---|---|---|---|---|
| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (2024-25) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കുവാൻ ബാക്കി നില്ക്കുന്ന തുക | റിമാർക്ക്സ് |
| 17 | 1,00,500 | 1,00,500 | 0 | |

**01.04.2024-** മുതൽ **30.06.2024** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം
ഇല്ല
**01.07.2024-** മുതൽ **31.07.2024** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം
ഇല്ല
**01.08.2024-** മുതൽ **31.03.2025** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം
ഇല്ല

## 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 13,18,400 | സമഗ്ര നെൽകൃഷി വികസനം | 13,18,400 | 0 |
| | 1,92,000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 1,92,000 | 0 |
| | 4,50,000 | സുജലം പദ്ധതി – കുളം സൈഡ് ഭിത്തി കെട്ടൽ | 4,50,000 | 0 |
| | 22,10,000 | ലൈഫ് ഭവന പദ്ധതി-ജനറൽ | 22,10,000 | 0 |
| | 50,000 | അതിദരിദ്രർക്ക് ഭവന പുനരുദ്ധാരണം | 50,000 | 0 |
| | 14,73,976 | ലൈഫ് ഭവന പദ്ധതി-എസ് സി (സ്പിൽ ഓവർ) | 14,73,976 | 0 |
| | 8,00,000 | ലൈഫ് ഭവന പദ്ധതി-എസ് സി | 8,00,000 | |
| | 50,000 | പാലിന് സബ്സിഡി(ജനറൽ) | 50,000 | 0 |
| | 10,00,000 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 10,00,000 | |
| | 2,00,000 | അഗതി രഹിത കേരളം പദ്ധതി | 2,00,000 | |
| | 1,00,000 | അനുപൂരക പോഷകാഹാര | 1,00,000 | 0 |

| | | | | |
|---|---|---|---|---|
| | | പദ്ധതി (ജനറൽ) | | |
| ആകെ | 78,44,376 | | 78,44,376 | 0 |
| മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് | 6,17,612 | സമഗ്ര നെൽകൃഷി വികസനം | 6,17,612 | 0 |
| | 3,67,000 | ലൈഫ് ഭവന പദ്ധതി-ജനറൽ | 3,67,000 | 0 |
| | 1,80,000 | അതിദരിദ്രർക്ക് ഭവന പുനരുദ്ധാരണം | 1,80,000 | 0 |
| | 2,08,000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 2,08,000 | |
| | 31,40,000 | ലൈഫ് ഭവന പദ്ധതി-എസ് സി | 31,40,000 | 0 |
| | 16,00,000 | ലൈഫ് ഭവന പദ്ധതി-എസ് സി -സ്പിൽ ഓവർ | 16,00,000 | 0 |
| | 5,60,659 | പാലിന് സബ്സിഡി(ജനറൽ) | 5,60,659 | 0 |
| | 1,50,499 | അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ) | 1,50,499 | 0 |
| ആകെ | 68,23,770 | | 68,23,770 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൌച്ചർ നമ്പർ / ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | S0047/25 വികസനത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക | 503/20.12.24<br>565/28.01.25 | 10,125<br>17,910 | | – | 28,035 |
| കെ.എസ്.ഇ.ബി. | S0363/25 16-ാം വാർഡ് പോസ്റ്റുസ്ഥാപിക്കൽ – ലൈൻ എക്സ്റ്റൻഷൻ | 690/12.3.25 | 11,706 | | – | 11,706 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ (രൂപ) | പലിശ | |
| ലൈഫ് ഭവന പദ്ധതി KURDFC ലോൺ | GO(Rt) No-3367/2021/Fin Dated 07.04.2021 | 1,54,48,294 | 74,94,760 | 5,19,459 | | 2,24,23,595 |

31.3.25 ലെ ബാലൻസ് ഷീറ്റിൽ 12,196 രൂപ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നുള്ള വായ്പ നീക്കിയിരുപ്പ് ബാദ്ധ്യതയായി നിലനിൽക്കുന്നുവെന്ന് കാണിച്ചിട്ടുണ്ടെങ്കിയും യഥാർത്ഥത്തിൽ അത്തരത്തിൽ ഒരു വായ്പ

നിലവിലില്ല.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,32,76,262 |
| തൻ വർഷം നിക്ഷേപിച്ച തുക(പലിശ) | 4,76,005 |
| ആകെ | 1,37,52,267 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 37,52,267 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം (കേരള ബാങ്ക്, മാങ്കാങ്കുഴി ശാഖ) | 1,00,00,000 |

## 4-7 ഓഡിറ്റ് റിക്കവറി

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം., തീയതി |
|---|---|---|---|---|---|
| 1 | 2022-23 | 1(27) | 8,897 | സനൽകുമാർ, കാഞ്ഞിരപ്പള്ളിൽ ഹൌസ്, കരുനാഗപ്പള്ളി | 1240101168 01.07.24 |
| 2 | ലഭ്യമല്ല | ലഭ്യമല്ല | 102 | പ്രദീപ് എം.പി. മുൻ സെക്രട്ടറി | 1240104213 10.03.2025 |
| ആകെ | | | 8,999 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 3(1) | 2016-17 | 7 | കുടിവെള്ള പദ്ധതി സംബന്ധിച്ച് | പദ്ധതി പൂർത്തീകരിച്ചിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,42,34,638 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,53,26,860 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,85,366 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 38,05,462 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെവിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1/1-19(1) | | 1,85,366 | ശ്രീമതി അനഹകൃഷ്ണൻ, കൃഷി ഓഫീസർ |
| ആകെ | | 1,85,366/- | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 (2) | 20,000 | ശ്രീമതി അനഹകൃഷ്ണൻ, കൃഷിഓഫീസർ |
| 1-21 | 6,27,250 | ശ്രീ.നവാസ് എസ്., സെക്രട്ടറി |
| 1-22 | 30,96,916 | ശ്രീ.നവാസ് എസ്., സെക്രട്ടറി |
| 1-25 | 45,741 | ശ്രീ.നവാസ് എസ്., സെക്രട്ടറി |
| 1-27 | 15,555 | ശ്രീ.ഗോപകുമാർ എ., സെക്രട്ടറി |
| ആകെ | 38,05,462 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**
ഇല്ല
**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**
ഇല്ല
**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഗോപകുമാർ എ., സെക്രട്ടറി | ബി.ഡി.ഒ. മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് | കൃഷ്ണ ഭവനം, കരിപ്പുഴ പി.ഒ., ചെട്ടികുളങ്ങര, മാവേലിക്കര ആലപ്പുഴ |
| ശ്രീമതി അനഹകൃഷ്ണൻ, കൃഷിഓഫീസർ | കൃഷിഓഫീസർ, തഴക്കര ഗ്രാമ പഞ്ചായത്ത് | ഇരട്ടപ്ലാക്കൽ ഹൌസ്, മുല്ലരിങ്ങാട് പി.ഒ., വെള്ളല്ലയം, ഇടുക്കി |

| | | |
|---|---|---|
| ശ്രീ.നവാസ് എസ്. സെക്രട്ടറി | സെക്രട്ടറി, മാവേലിക്കര തെക്കേക്കര ഗ്രാമ പഞ്ചായത്ത് | കൊച്ചുപറമ്പിൽ, പെരിങ്ങാല പി.ഒ., കായംകുളം, ആലപ്പുഴ |
| ഡോ.വിദ്യ എൽ., മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | മെഡിക്കൽ ഓഫീസർ, റ്റിബി ഹോസ്പിറ്റൽ, കരുനാഗപ്പള്ളി | കുറ്റിയിൽ, ചങ്ങൻകുളങ്ങര, കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.എ.5-1832/11/03.02.2012 |
| 2000-01 | എൽ.എഫ്.എ.5-1832/11/03.02.2012 |
| 2001-02 | എൽ.എഫ്.എ.5-1832/11/03.02.2012 |
| 2002-03 | എൽ.എഫ്.എ.5-1832/11/03.02.2012 |
| 2003-04 | എൽ.എഫ്.എ.5-1832/11/03.02.2012 |
| 2004-05 | എൽ.എഫ്.എ.5-1832/11/03.02.2012 |
| 2005-06 | എൽ.എഫ്.എ.5-1832/11/03.02.2012 |
| 2006-07 | കെ.എസ്.എ-എ.എൽ.പി/ പി7-1590/22/02.05.2023 |
| 2007-08 | കെ.എസ്.എ-എ.എൽ.പി/ പി7-1590/22/02.05.2023 |
| 2008-09 | കെ.എസ്.എ-എ.എൽ.പി/ പി7-1590/22/02.05.2023 |
| 2009-10 | എൽ.എഫ്.എ.5-1577/14/24.05.2014 |
| 2010-11, 2011-12 | എൽ.എഫ്.എ/പി.7-1740/13/13.02.14/02.04.14 |
| 2012-13 | എൽ.എഫ്.എ/പി.7-314/2015/10.04.15/17.07.15 |
| 2013-14, 2014-15 | കെ.എസ്.എഎ.എൽ.പി/പി.7-1456/15/18.11.15 |

| | |
|---|---|
| 2015-16 | കെ.എസ്.എ-എ.എൽ.പി/ പി7 -1590/22/02.05.2023 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ പി7 -1590/22/02.05.2023 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/ പി7-1590/22/02.05.2023 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/ പി7-1590/22/02.05.2023 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/ പി7/56/2022/24.03.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/ പി7/66/2022/06.05.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/ പി7/169/2023/29.03.2023 |
| 2022-23 | കെ.എസ്.എ-എ.എൽ.പി/പി 7 -1408/2023 /21/12/2023 |
| 2023-24 | കെ.എസ്.എ-എ.എൽ.പി/പി 7 -804/2024/07/10/2024 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 5(1) dated 30-06-2025 and submitted on 03-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Thazhakkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Thazhakkara Grama Panchayat as on 31-03-2025

**Date: 05/12/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Thazhakkara Grama Panchayat for the Year 2024-2025.

### 1.Major Observations

1) Advances to Implementing agencies are not adjusted even after the work is compleated and UCs were received.
2) Interest earned of Rs 12196 was accounted as loan (liability). So the total liability in Balance Sheet get increased.
3) Water charge arrear is not accounted as a liability in AFS.

## 2.Other Observations

1) Errors are existing in the reconciliation of bank account No.1258128030000 in Kerala Bank.
2) Opening Balance, Expenditure, Closing Balance of CFC Grants in AFS are not match with that in ACR.
3) Deposit register is not maintained well. There is imparity between AFS and Register.
4) Asset register doesnot included with all assets. So the total Asset value in the Balance Sheet cannot be verified.

Deputy Director

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്